# പുതിയനിയമ
# പഠനസഹായി

റ്റി. കെ. ഏബ്രഹാം

ഗ്രെയ്സ് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്
ന്യൂ ടെസ്റ്റമെന്റ് കമന്ററി
പി.ബി. നമ്പർ 8, ഏറ്റുമാനൂർ- 686 631, കേരള, ഇന്ത്യ

# ആമുഖം

മനുഷ്യജീവിതത്തോടു ബന്ധമുള്ള അമൂല്യ ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തുന്ന ഗ്രന്ഥമാകുന്നു പുതിയനിയമം. യേശുക്രിസ്തുവിൽ അധിഷ്ഠിതമായ രക്ഷാമാർഗ്ഗം അതു വെളിപ്പെടുത്തുന്നു. ക്രിസ്തുമാർഗ്ഗം ഉപദേശിക്കുന്ന ആത്മീയവും സാന്മാർഗ്ഗികവും ധാർമ്മികവും ചരിത്രപരവുമായ സത്യങ്ങൾ ഗ്രഹിക്കുവാൻ പുതിയനിയമം പഠിക്കേണ്ടത് ഒഴിച്ചുകൂടാത്ത ആവശ്യം ആകുന്നു. മാറ്റങ്ങൾകൊണ്ടു നിറഞ്ഞ ലോകത്തിൽ പുതിയ നിയമ സത്യങ്ങൾ മാറാത്ത സത്യങ്ങളായി പ്രശോഭിക്കുന്നു. സത്യാന്വേഷികൾ ക്കുള്ള ഉത്തരം അതിൽ കണ്ടെത്താവുന്നതാണ്. സത്യത്തിനു സാക്ഷി നിൽ ക്കുവാൻ വന്ന ക്രിസ്തുവാണ് പുതിയനിയമത്തിലെ കേന്ദ്രവിഷയം. സത്യത്തിന്റെ പരിജ്ഞാനം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ദിവ്യഗ്രന്ഥം പഠിക്കണം.

ജി.ബി.സി.സിയുടെ പ്രാഥമിക പാഠങ്ങൾ പഠിച്ചവരുടെ ഉപരി പഠനാർത്ഥം തയ്യാറാക്കിയിട്ടുള്ളതാണ് 'പുതിയനിയമ പഠനസഹായി' എന്ന കമന്ററി. അടിസ്ഥാന ഉപദേശസത്യങ്ങൾക്കും പ്രായോഗിക ജീവിത ഉപദേശങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു ഗ്രന്ഥമാകുന്നു ഇത്. ലളിതമായ ഭാഷയിൽ ഈ കമന്ററി എഴുതുവാൻ ആവോളം ശ്രദ്ധിച്ചിട്ടുണ്ട്. പുതുതായി രക്ഷിക്കപ്പെട്ട വിശ്വാസികളുടെ ആത്മീയ അഭിവൃദ്ധിയെ ലക്ഷ്യമാക്കിയാണ് ഇത് രചിച്ചിട്ടുള്ളത്. ഗ്രന്ഥരചനയ്ക്കു മലയാളഭാഷയിലും ഇംഗ്ലീഷിലുമുള്ള അനേകം വിലപ്പെട്ട ഗ്രന്ഥങ്ങൾ സഹായകരമായി തീർന്നിട്ടുണ്ട്. അനേക വർഷത്തെ വചനപഠനവും ഈ ഗ്രന്ഥം രചിക്കുവാൻ എനിക്കു പ്രേരണ നൽകി. ഈ ഗ്രന്ഥം വായനക്കാർക്ക് ആത്മീയ അഭിവൃദ്ധിക്കു കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. പാഠങ്ങൾ വായിക്കുന്നതിനു മുൻപ് ഓരോ അദ്ധ്യായവും വായിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ഈ ഗ്രന്ഥത്തിന്റെ പ്രൂഫു നോക്കി സഹായിച്ച സഹോദരൻ ജോൺസൺ കുളങ്ങരയോടും, ഇതിന്റെ അച്ചടി സംബന്ധമായ ഉത്തരവാദി ത്വങ്ങൾ വഹിച്ച എബനേസർ പ്രിന്റേഴ്സിനോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

അല്പമാം ഉപകരണംകൊണ്ടു മഹത്തായ വേലകൾ ചെയ്യുന്ന കർത്താവ് ഈ പഠനസഹായി മുഖാന്തരം അനേകർക്ക് മാർഗ്ഗദീപവും അനുഗ്രഹങ്ങളും പ്രദാനംചെയ്യട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഈ ഗ്രന്ഥം കർത്തൃ പാദത്തിൽ സമർപ്പിച്ചുകൊള്ളുന്നു.

ക്രിസ്തുവിൽ സഹോദരൻ,
**റ്റി. കെ. ഏബ്രഹാം**

# അവതാരിക

"ആരും ബൈബിൾ വായിക്കരുത്"- പ്രസിദ്ധനായൊരു ക്രൈസ്തവനേതാവിന്റെ വാക്കുകളാണ് ഇതെന്നറിയുമ്പോൾ നമ്മുടെ ഞെട്ടലിന് ആക്കം കൂടും. പക്ഷെ ബാക്കി കൂടെ കേൾക്കൂ - "ബൈബിൾ വായിച്ചു മാറ്റിവെക്കാനുള്ള ഗ്രന്ഥമല്ല പഠിച്ച് ഹൃദിസ്ഥമാക്കാനുള്ള ദൈവവചനമാണ്."

"ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക" എന്നു സുവിശേഷകനായ തിമൊഥെയൊസിനോട് പിതൃസ്ഥാനീയനായ പൗലൊസ് ഓർമ്മിപ്പിക്കുന്നു. ഈ വായന, പ്രബോധനത്തിനും ഉപദേശത്തിനും വേണ്ടിയുള്ളതാണ്. വെറുതെ ഒരു ദിനചര്യയായി വായിക്കുക എന്ന അർത്ഥത്തിലല്ല. വചനം നിരന്തരം വായിക്കുന്നവർക്കു മാത്രമേ അതിലെ ആത്മീയ സത്യങ്ങൾ വെളിപ്പെട്ടു കിട്ടുകയുള്ളൂ. അപ്പോൾ മാത്രമേ മറ്റുള്ളവരെ പ്രബോധിപ്പിക്കാനും ഉപദേശിക്കാനും കഴിയൂ.

"എസ്രാപുരോഹിതൻ പുരുഷന്മാരും സ്ത്രീകളും കേട്ടു ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരുമായ സഭയുടെ മുമ്പാകെ ന്യായപ്രമാണം കൊണ്ടുവന്നു. നീർവ്വാതി ലിനെതിരെയുള്ള വിശാല സ്ഥലത്തുവെച്ച് രാവിലെ തുടങ്ങി ഉച്ചവരെ പുരുഷന്മാരും സ്ത്രീകളും ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരും കേൾക്കെ ന്യായപ്രമാണപുസ്തകം വായിച്ചു. സർവ്വജനവും ശ്രദ്ധിച്ചു കേട്ടു... ജനം താന്താന്റെ നിലയിൽ തന്നെ നിന്നി രിക്കെ യേശുവ, ബാനി... എന്നിവരും ലേവ്യരും ജനത്തിന് ന്യായപ്രമാണത്തെ പൊരുൾ തിരിച്ചു കൊടുത്തു. ഇങ്ങനെ അവർ ദൈവത്തിന്റെ ന്യായപ്രമാണപുസ്തകം തെളിവായി വായിച്ചു കേൾപ്പിക്കുകയും വായിച്ചതു ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞുകൊടുക്കുകയും ചെയ്തു" (നെഹെ. 8:2, 3, 7, 8).

"ഒരുത്തൻ പൊരുൾ തിരിച്ചു തരാതിരുന്നാൽ എങ്ങനെ ഗ്രഹിക്കും?" എന്ന എത്യോപ്യ രാജ്ഞിയുടെ ഷണ്ഡന്റെ ചോദ്യം ഇവിടെ ചിന്തനീയമാണ്. പിസിദ്യാ ദേശത്തിലെ അന്ത്യൊക്ക്യയിൽ പള്ളിയിൽ വെച്ച് കർത്താവിന്റെ ക്രൂശുമരണത്തെ പരാമർശിച്ച് പ്രസംഗിക്കുന്ന പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ അന്നത്തെ യെഹൂദന്മാർക്കു പറ്റിയ പരാജയത്തിന്റെ കാരണം വ്യക്തമാണ്. "യെരൂശലേം നിവാസികളും അവരുടെ പ്രമാണികളും അവനെയോ ശബ്ബത്തുതോറും വായിച്ചു വരുന്ന പ്രവാചകന്മാരുടെ വചനങ്ങളെയോ തിരിച്ചറിയാതെ അവനെ ശിക്ഷയ്ക്കു വിധിച്ചു" (പ്രവൃ. 13:27).

ശബ്ബത്തിൽ നസറെത്തിലെ പള്ളിയിൽ ചെന്ന് യെശയ്യാ പ്രവാചകന്റെ പുസ്തക ത്തിലെ ഒരു ഭാഗം വായിച്ച കർത്താവ് ഇങ്ങനെ പൊരുൾ തിരിച്ചുകൊടുത്തു: "ഇന്ന് നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന് നിവൃത്തി വന്നിരി

ക്കുന്നു" (ലൂക്കൊ. 4:21). തുടർന്നുണ്ടായ സംഭവവികാസങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ.

വചനം ലിഖിതരൂപത്തിൽ ലഭ്യമായ കാലം മുതലേ തന്നെ അത് വായിച്ചു കേൾപ്പിക്കുകയും പൊരുൾ തിരിച്ചു കൊടുക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. അതു ശരിയായി പഠിച്ചു മനസ്സിലാക്കാത്തതിനാൽ ഉണ്ടായ തിക്താനുഭവങ്ങളെ കുറിച്ചും നാം വായിച്ചു. ഫലകരമായ ക്രിസ്തീയ ജീവിതത്തിനും ദൈവസാമീപ്യം അനുഭവിച്ചറിയുന്നതിനും വചനപഠനം അത്യന്താപേക്ഷിതമാണ്.

സമയം വിലപ്പെട്ടതാണ്. ഇന്നത്തേതിൽനിന്ന് അല്പം നാളത്തേക്ക് മാറ്റിവെക്കാനോ നാളത്തേതിൽനിന്ന് അഡ്വാൻസായി ഇന്നേക്ക് അല്പം എടുക്കാനോ, വായ്പ വാങ്ങാനോ വായ്പ കൊടുക്കാനോ കഴിയാത്ത അമൂല്യ സ്വത്താണ് സമയം. കാളവണ്ടിക്കു പകരം കാറും പ്ലെയിനും, അരകല്ലിന്റെ സ്ഥാനത്ത് ഗ്രൈന്ററും മിക്സിയും, അലക്കുകല്ലിനോട് മല്ലടിച്ചവർക്ക് വാഷിങ് മെഷിനും, അഞ്ചലോട്ടക്കാരന്റെ ഡ്യൂട്ടി ഈമെയിലും ഇന്റർനെറ്റും മൊബൈലും ഏറ്റെടുത്തിട്ടും പക്ഷെ മനുഷ്യന് ഒന്നിനും സമയമില്ല. തിരക്കോട് തിരക്കാണവന്. വീണുകിട്ടുന്ന ഇടവേളകൾ വേണ്ടവിധം പ്രയോജനപ്പെടുത്താനും സാധിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ ആണ് ബ്ര. റ്റി. കെ. ഏബ്രഹാമിന്റെ 'പുതിയനിയമ പഠനസഹായി' എന്ന ഗ്രന്ഥം വിലപ്പെട്ടതായി തീരുന്നത്. ബൈബിൾ സ്കൂളിലോ സെമിനാരിയിലോ പോയി പഠിക്കാൻ കഴിയാത്തവർക്ക് ബൈബിളിനെപ്പറ്റി ഒരു സാമാന്യജ്ഞാനം ആർജ്ജിക്കുവാൻ ഈ പുസ്തകം സഹായകമായിരിക്കും. ബൈബിൾ കയ്യിലെടുത്താൽ ഉറക്കം വരുന്നത് വായിക്കുന്നത് മനസ്സിലാവുന്നില്ല എന്നതിന്റെ സൂചന കൂടിയാണ്. ഒരു പുസ്തകം മനസ്സിലാക്കി വായിക്കുമ്പോൾ മനസ്സുണർന്നിരിക്കും.

പുതിയനിയമം - 27 പുസ്തകങ്ങളും - വളരെ ലളിതമായി പൊരുൾ തിരിച്ചു തരികയാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നത്. ഓരോ പുസ്തകത്തിനും മുഖവുര, ചരിത്രപശ്ചാത്തലം, ലക്ഷ്യം, വിഷയവിഭജനം ഇവ കൊടുത്തിരിക്കുന്നു. നാലോ അഞ്ചോ വാക്കുകളിലൊതുങ്ങുന്ന വാചകങ്ങൾ, ലളിതമായ ഭാഷ, ഏതു സാധാരണക്കാരനും പരാശ്രയമില്ലാതെ വായിച്ചു മനസ്സിലാക്കാവുന്ന അവതരണശൈലി. അദ്ധ്യായങ്ങൾ, സംഭവങ്ങൾ, വിഷയങ്ങൾ, വ്യക്തികൾ എന്നിങ്ങനെ തരംതിരിച്ചുള്ള പഠനരീതി നവാഗതർക്കു മാത്രമല്ല സഭാശുശ്രൂഷകന്മാർക്കും പ്രയോജനപ്പെടും.

പ്രവചനവിഷയവീക്ഷണങ്ങളിൽ വ്യക്തിപരമായി ചില വിയോജിപ്പുകൾ ഉണ്ടെങ്കിലും തന്റെ ദീർഘവർഷങ്ങളിലെ കഠിനാദ്ധ്വാനവും പ്രാർത്ഥനയും ഏറെക്കുറെ ഫലവത്തായിട്ടുണ്ട്. കുമ്പനാട് ബൈബിൾ സ്കൂളിന്റെ പ്രാരംഭകാല പ്രവർത്തകരിൽ മുൻനിരക്കാരൻ, സുവിശേഷകൻ, വേദാദ്ധ്യാപകൻ, ഗ്രന്ഥരചയിതാവ്, പരിഭാഷകൻ എന്നീ നിലകളിൽ കഴിഞ്ഞ തലമുറയിൽ പ്രശസ്തനായിരുന്ന ബ്ര. റ്റി. എ. കുര്യന്റെ മകനായ റ്റി. കെ. ഏബ്രഹാം ഭക്തിമാർഗ്ഗത്തിൽ പിതാവിന്റെ പാത തന്നെ പിന്തുടരാനാണാഗ്രഹിക്കുന്നത്. ബൈബിൾ സ്കൂൾ അദ്ധ്യാപകൻ എന്ന നിലയിൽ ബ്ര. റ്റി. കെ. യുടെ ശിഷ്യനായിരിക്കാനും എനിക്കവസരം കൈവന്നിട്ടുണ്ട്. കേരളത്തിൽ അറിയപ്പെടുന്ന പല ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകളുടെയും ടെക്സ്റ്റ് ബുക്കുകൾ ഇദ്ദേഹത്തിന്റെ രചനകളാണ്. ഈ കോഴ്സുകളിലൂടെ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചവരും നിരവധിയാണ്.

അതിനാൽ ഈ 'പുതിയനിയമ പഠനസഹായി'യും അനേകർക്ക് ആത്മികാഭിവൃദ്ധിക്കും അനുഗ്രഹങ്ങൾക്കും വഴിയൊരുക്കും എന്ന ദൃഢവിശ്വാസത്തോടെ, ഇനിയും ഇത്തരം രചനകൾ തന്റെ തൂലികത്തുമ്പിൽനിന്നുരുത്തിരിയട്ടെയെന്ന പ്രാർത്ഥനയോടെ ഈ കൃതി സജ്ജനസമക്ഷം സസന്തോഷം അവതരിപ്പിക്കുന്നു.

അങ്കമാലി
24-10-06

**ജോൺസൺ കുളങ്ങര** (Evng.)

# മുഖവുര

ബൈബിൾ ദൈവവചനമാകുന്നു. ദിവ്യസത്യങ്ങളുടെ സമാഹാരമാണിത്. അതു വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ആത്മസന്തോഷവും സമാധാനവും പ്രത്യാശയും ഉള്ളവർ ആകും. ദൈവം ആരാണെന്നും മനുഷ്യനും ദൈവവുമായി എങ്ങനെ ബന്ധപ്പെടാമെന്നും ബൈ ബിൾ വ്യക്തമാക്കുന്നു. അതിലെ കേന്ദ്രബിന്ദു ക്രിസ്തുവാണ്. മാറ്റങ്ങൾ കൊണ്ടു നിറഞ്ഞ ലോകത്തിൽ മാറാത്ത സത്യമായി ബൈബിൾ ഇരിക്കുന്നു. ഈ ദിവ്യ ഗ്രന്ഥത്തിൽ ദൈവത്തിന്റെ മനസ്സ്, മനുഷ്യസ്ഥിതി, രക്ഷയ്ക്കുള്ള മാർഗ്ഗം, പാപിയുടെ നാശം, വിശ്വാസികളുടെ സൗഭാഗ്യം എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിലെ ഉപദേശങ്ങൾ വിശുദ്ധമാണ്, പ്രമാണങ്ങൾ ലളിതമാണ്, ചരിത്രം സത്യമാണ്. ബൈബിൾ ഒരു ദിവ്യലൈബ്രറി ആകുന്നു. ഇതിൽ 66 പുസ്തകങ്ങളുണ്ട്. പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ 39 പുസ്തകങ്ങളും പുതിയനിയമത്തിൽ 27 പുസ്തകങ്ങളും അടങ്ങിയിരിക്കുന്നു. നാല്പതോളം എഴുത്തുകാർ 1600 വർഷങ്ങൾകൊണ്ട് രചിച്ചിട്ടുള്ളതാണ് ബൈബിൾ. അതിലെ ആലോചനകൾ മനുഷ്യന്റെ ബുദ്ധിമൂശയിൽ രൂപംകൊണ്ടതല്ല. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് രചിച്ചിട്ടുള്ള തത്രേ. ആത്മരക്ഷയ്ക്കും വിശുദ്ധജീവിതത്തിനും ശക്തി നൽകുന്ന ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ ആകുന്നു.

### പഴയ നിയമം

ക്രിസ്തുവിനുമുമ്പുള്ള ഏകദേശം നാലായിരം വർഷങ്ങളിലെ മാനവചരിത്രമാണ് 39 പുസ്തകങ്ങൾ അടങ്ങിയ പഴയനിയമം. ദൈവം സകലവും സൃഷ്ടിച്ചു എന്ന സത്യം ബൈബിൾ വെളിപ്പെടുത്തുന്നു. ഈ ഭൂമിയിൽ

ജാതികൾ, വംശങ്ങൾ, രാജ്യങ്ങൾ, സംസ്കാരങ്ങൾ, പരിഷ്കാരങ്ങൾ എന്നിവയെല്ലാം എങ്ങനെയുണ്ടായി എന്ന് പഴയനിയമത്തിൽ കാണാം. മനുഷ്യനോട് എങ്ങനെ ദൈവം ബന്ധപ്പെടാൻ ആഗ്രഹിക്കുന്നു എന്നറിയുവാൻ ബൈബിൾ പഠിക്കണം. ദൈവത്തിന്റെ കല്പനകൾ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം അവന്റെ സ്വഭാവം മനുഷ്യനു വരച്ചുകാണിക്കുന്നു. ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്ത വ്യക്തികൾക്കും രാജ്യങ്ങൾ ക്കും ഉണ്ടായ അനുഗ്രഹങ്ങൾ ബൈബിളിൽ കാണാം. അതുപോലെ തന്നെ അവനെ നിരാകരിച്ചവർക്ക് ഉണ്ടായ ന്യായവിധിയും ബൈബിൾ വെളിപ്പെടു ത്തുന്നു. പഴയനിയമത്തെ, ന്യായപ്രമാണം, പ്രവാചകപുസ്തകങ്ങൾ, സങ്കീർ ത്തനങ്ങൾ എന്നിങ്ങനെയാണ് ക്രിസ്തു വിഭജിച്ചിട്ടുള്ളത് (ലൂക്കൊ. 24:44). നമ്മുടെ പഠനത്തിനു സഹായകരമായി ബൈബിളിനെ എട്ടായി വിഭജിക്കാം.

### 1. ന്യായപ്രമാണ പുസ്തകങ്ങൾ

ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള അഞ്ചു പുസ്തകങ്ങൾ; പഞ്ചഗ്രന്ഥങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു. മോശെയാണ് ഗ്രന്ഥകാരൻ. ഉല്പത്തി സകലത്തിന്റെയും ആരംഭം വിവരിക്കുന്നു. യെഹൂദാജാതിയുടെ ആരംഭം നാം ഉല്പത്തിയിൽ കാണുന്നുണ്ട്. അവർ ഈജിപ്റ്റിൽ അടിമകളായി കഴിയേണ്ടിവന്നു. ദൈവം അവരെ അടിമത്തത്തിൽനിന്നും വിടുവിക്കുന്ന ചരിത്രമത്രെ പുറപ്പാടുപുസ്തകം. അവർ ദൈവത്തെ ആരാധിക്കുവാനും സേവിക്കുവാനും ആവശ്യമായ കല്പനകൾ ലേവ്യാപുസ്തകം നൽകുന്നു. സംഖ്യാപുസ്തകം യിസ്രായേലിന്റെ മരുപ്രയാണ ചരിത്രമാണ്. ആവർത്തനപുസ്തകത്തിൽ മോശെയുടെ അന്ത്യവാക്കുകൾ കാണാം. ദൈവം യിസ്രായേലിനെ വിടുവിക്കുകയും പരിപാലിക്കുകയും ചെയ്ത വിധങ്ങൾ വിവരിച്ചശേഷം അവരെ പുനഃപ്രതിഷ്ഠയ്ക്ക് ആഹ്വാനം ചെയ്യുന്നു.

### 2. ചരിത്ര പുസ്തകങ്ങൾ

യോശുവ മുതൽ എസ്ഥേർ വരെയുള്ള പുസ്തകങ്ങൾ യിസ്രായേൽ കനാൻദേശം കൈവശപ്പെടുത്തുന്നതും തുടർന്ന് ന്യായാധിപന്മാരും രാജാക്കന്മാരും അവരെ ഭരിക്കുന്നതുമായ ചരിത്രവിവരണം ആകുന്നു. അവർ ദൈവകല്പനകൾ അനുസരിക്കാഞ്ഞതിനാൽ പ്രവാസത്തിലേക്ക് പോകേണ്ടിവന്നു. അനുതപിച്ച് ദൈവത്തിങ്കലേക്ക് ജനം മടങ്ങിവരികയും എസ്രാ, നെഹെമ്യാവ് എന്നിവരുടെ നേതൃത്വത്തിൽ കനാൻദേശത്തേക്ക് മടങ്ങിവരികയും ചെയ്തു.

### 3. കാവ്യ പുസ്തകങ്ങൾ

ഇയ്യോബ് മുതൽ ഉത്തമഗീതം വരെയുള്ള അഞ്ചു പുസ്തകങ്ങൾ കവിതകളാണ്. സങ്കീർത്തനങ്ങളിൽ പകുതിയോളം ദാവീദ് രചിച്ചതാണ്. കഷ്ടതകളിൽ സഹിഷ്ണുത ഉള്ളവരാകണം എന്ന പാഠം ഇയ്യോബിൽ കാണാം. സങ്കീർത്തനങ്ങൾ യിസ്രായേലിന്റെ സ്തുതിഗീതങ്ങളാണ്. ഉത്തമ ഗീതത്തിൽ നിഷ്കളങ്കസ്നേഹത്തിന്റെ ചിത്രം കാണാം. സദൃശവാക്യങ്ങളും സഭാപ്രസംഗിയും വിജ്ഞാനഗ്രന്ഥങ്ങൾ ആകുന്നു. ഉത്തമഗീതം, സദൃശവാക്യങ്ങൾ, സഭാപ്രസംഗി എന്നിവ ശലോമോൻ രചിച്ചുവെന്ന് കരുതപ്പെടുന്നു.

### 4. പ്രവചന പുസ്തകങ്ങൾ

യെശയ്യാവ് മുതൽ മലാഖി വരെയുള്ള പുസ്തകങ്ങളാണ് അവ. അവയെ വലിയ പ്രവാചകന്മാർ, ചെറിയ പ്രവാചകന്മാർ എന്നിങ്ങനെ രണ്ടായി വിഭജിക്കാം. ഇവ പ്രവാചകന്മാരുടെ വലിപ്പച്ചെറുപ്പത്തെയല്ല കാണിക്കുന്നത്. പ്രത്യുത അവർ എഴുതിയ പുസ്തകങ്ങളുടെ വലിപ്പച്ചെറുപ്പത്തെ കുറിക്കുന്നു. ചെറിയ പ്രവാചകരുടെ പുസ്തകങ്ങൾ ഹോശേയ മുതൽ മലാഖി വരെയാണ്. ദൈവം പ്രവാചകരിലൂടെയാണ് അരുളിച്ചെയ്തിരുന്നത്. ആ ആലോചനകൾ ഇക്കാലത്തും പ്രസക്തമാണ്. “മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ട്, നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന് തന്നെ എഴുതിയിരിക്കുന്നു” (റോമർ 15:4).

### 5. സുവിശേഷങ്ങൾ

മത്തായി മുതൽ യോഹന്നാൻ വരെയുള്ള നാലു പുസ്തകങ്ങൾ ആണിവ. ക്രിസ്തുവിന്റെ ജീവചരിത്രം സംക്ഷിപ്തമായി സുവിശേഷങ്ങളിൽ കാണാം. ക്രിസ്തുവിന്റെ ജനനം, ജീവിതം, പരസ്യശുശ്രൂഷ, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ വസ്തുതകൾ സുവിശേഷങ്ങളിൽ കാണാം.

### 6. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ

ഇത് ആദിമസഭയുടെ ചരിത്രമാകുന്നു. ക്രിസ്തുവിന്റെ ജീവിതത്തെയും സഭയുടെ വളർച്ചയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി ഈ പുസ്തകമിരിക്കുന്നു. ലേഖനങ്ങൾ മനസ്സിലാക്കുവാൻ ഈ പുസ്തകപഠനം ഒഴിച്ചുകൂടാത്തതാണ്. പെന്തക്കൊസ്തിൽ സഭ ആരംഭിച്ച് റോമിൽ പൗലൊസ് തടവുകാരനാകുന്നതുവരെയുള്ള ചരിത്രമാണ് അപ്പൊസ്തല പ്രവൃത്തികൾ.

### 7. ലേഖനങ്ങൾ

റോമർ മുതൽ യൂദാ വരെയുള്ള 21 പുസ്തകങ്ങളാണിവ. ഉപദേശഗ്രന്ഥങ്ങൾ എന്നും ഇവ അറിയപ്പെടുന്നു.

ലേഖനങ്ങൾ ക്രിസ്തീയ ജീവിത ത്തിന് ആവശ്യമായ ഉപദേശങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും നൽകുന്നു. പതിമൂന്നോളം ലേഖനങ്ങൾ പൗലൊസിന്റേതാണ്.

## 8. വെളിപ്പാട് പുസ്തകം

പുതിയനിയമത്തിലെ പ്രവചനപുസ്തകം ആകുന്നു ഇത്. ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി ഇവിടെ കാണാം. വിശ്വാസികൾക്ക് മുന്നറിയിപ്പും പ്രത്യാശയും നൽകുന്ന ഗ്രന്ഥമാണിത്. ദൈവത്തിന്റെ സർവ്വാധികാരം, ക്രിസ്തുവിന്റെ തിരിച്ചുവരവ്, ലോകത്തിനുണ്ടാകുവാൻ പോകുന്ന ന്യായവിധി, ദൈവജനം വിശ്വസ്തരാകുവാനുള്ള ആഹ്വാനം, അവരുടെ ഭാഗ്യകരമായ പ്രത്യാശ എന്നീ വിഷയങ്ങൾ വെളിപ്പാടുപുസ്തകത്തിൽ കാണാം.

## ബൈബിളിലെ കേന്ദ്രവിഷയം

ബൈബിളിലെ കേന്ദ്രബിന്ദു ക്രിസ്തുവാകുന്നു. പഴയനിയമം വരുവാനുള്ള നന്മകളുടെ നിഴൽ മാത്രമാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ പഴയനിയമത്തിൽ കാണാം. ക്രിസ്തുവിന്റെ പ്രതിരൂപങ്ങൾ പഴയനിയമത്തിൽ ധാരാളമായിട്ടുണ്ട്. ക്രിസ്തു ഈ സത്യം യെഹൂദമതഭക്തന്മാരോടു പ്രസ്താവിച്ചതായി കാണാം. "നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവനുണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു" (യോഹ. 5:39). അതുപോലെ തന്നെ ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ അരുമശിഷ്യന്മാരോട് അരുളിച്ചെയ്തതും ശ്രദ്ധേയമത്രെ: "മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു" (ലൂക്കൊ. 24:27,44).

## ക്രിസ്തു ബൈബിളിലെ പുസ്തകങ്ങളിൽ

1. ഉല്പത്തിയിൽ അവൻ സ്ത്രീയുടെ സന്തതിയാണ് (3:15).
2. പുറപ്പാടിൽ അവൻ പെസഹ കുഞ്ഞാടാണ് (12:1-14).
3. ലേവ്യാപുസ്തകത്തിൽ അവൻ പ്രായശ്ചിത്തയാഗമാണ് (17:11).
4. സംഖ്യാപുസ്തകത്തിൽ അവൻ താമ്രസർപ്പമാണ് (21:8,9).
5. ആവർത്തനപുസ്തകത്തിൽ അവൻ വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകനാണ് (18:15).
6. യോശുവയിൽ അവൻ യഹോവയുടെ സൈന്യത്തലവനാകുന്നു (5:13-15).
7. ന്യായാധിപന്മാരിൽ അവൻ നമ്മുടെ രക്ഷകൻ.
8. രൂത്തിൽ അവൻ വീണ്ടെടുപ്പുകാരൻ.
9. 1, 2 ശമൂവേൽ, 1, 2 രാജാക്കന്മാർ, 1, 2 ദിനവൃത്താന്തങ്ങളിൽ അവൻ വാഗ്ദത്തരാജാവാണ്.
10. എസ്രാ, നെഹെമ്യാവിൽ അവൻ നമ്മുടെ ഉദ്ധാരകൻ.
11. എസ്ഥേറിൽ അവൻ നമ്മുടെ വക്കീൽ അഥവാ വാദിക്കുന്ന കാര്യസ്ഥൻ ആകുന്നു.
12. ഇയ്യോബിൽ അവൻ വീണ്ടെടുപ്പുകാരനാണ് (19:25).
13. സങ്കീർത്തനങ്ങളിൽ അവൻ നമുക്ക് സകലത്തിനും സകലവും ആകുന്നു.
14. സദൃശവാക്യങ്ങളിൽ അവൻ നമുക്ക് മാതൃകാപുരുഷനാണ്.
15. സഭാപ്രസംഗിയിൽ അവൻ നമ്മുടെ ലക്ഷ്യമാണ്.
16. ഉത്തമഗീതത്തിൽ അവൻ നമ്മുടെ പ്രിയനാണ്.
17. പ്രവചനങ്ങളിൽ (യെശയ്യാവ് - മലാഖി) അവൻ വരുവാനുള്ള സമാധാന പ്രഭു ആകുന്നു.
18. മത്തായിയുടെ സുവിശേഷത്തിൽ അവൻ രാജാവാണ്.
19. മർക്കൊസിൽ അവൻ ഉത്തമദാസനാണ്.
20. ലൂക്കൊസിൽ അവൻ മനുഷ്യപുത്രനാണ്.
21. യോഹന്നാനിൽ അവൻ ദൈവപുത്രനാണ്.
22. അപ്പൊസ്തലപ്രവൃത്തിയിൽ അവൻ പുനരുത്ഥാനം ചെയ്തവനും സഭയെ പണിയുന്നവനുമാകുന്നു.
23. ലേഖനങ്ങളിൽ അവൻ വിശ്വാസികളിൽ വസിക്കുന്നവനാണ്.
24. വെളിപ്പാടിൽ അവൻ വീണ്ടും വരുന്ന രാജാവാകുന്നു.

ബൈബിളിൽ ആദിയോടന്തം ക്രിസ്തുവിനെ വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിനെ ദൈവപുത്രനായി അംഗീകരിക്കുവാനായിട്ടത്രെ അവനെ നമുക്ക് വെളിപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ വ്യക്തിപരമായ ജീവിതം ക്രിസ്തുവിനു സമർപ്പിക്കപ്പെട്ടതായിരിക്കണം. അവനെക്കുറിച്ചുള്ള അറിവു മാത്രം നമ്മെ രക്ഷിക്കുകയില്ല. യേശുക്രിസ്തുവിനെ വിശ്വാസത്താൽ സ്വന്തരക്ഷിതാവായി സ്വീകരിക്കുമ്പോൾ നാം ദൈവമക്കൾ ആകുന്നു. ക്രിസ്തു വിനെ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം നമ്മുടെ പ്രമോദമായിത്തീരണം. അതിലെ ആലോചനകൾ നമുക്ക് ബുദ്ധി ഉപദേശം നൽകുന്നതാണ്. അതു വായിച്ചു ധ്യാനിക്കുന്നവർക്ക് ആത്മസമാധാനവും സന്തോഷവും പ്രത്യാ ശയും ഉള്ളവർ ആകുവാൻ കഴിയും. അതിനു സർവ്വേശ്വരൻ നമ്മെ സഹായിക്കട്ടെ.

## പുതിയ നിയമം

ബൈബിൾ ദൈവിക വെളിപ്പാടാകുന്നു. മനുഷ്യവർഗ്ഗത്തിനുവേണ്ടി ദൈവം യേശുക്രിസ്തുവിൽ ഒരുക്കിയിട്ടുള്ള രക്ഷയാണ് അതിലെ വിഷയം. ബൈബിളിനെ പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ ന്യായപ്രമാണമാണ് മുഖ്യവിഷയം. പുതിയനിയമം, പ്രവചനപുരുഷനായ ക്രിസ്തുവിനെ ചരിത്രപുരുഷനായി വെളിപ്പെടുത്തുന്നു. പഴയനിയമത്തിൽ ആരംഭിച്ച ദൈവിക വെളിപ്പാടുകൾ പുതിയനിയമത്തിൽ അവസാനിക്കുന്നു.

## സുവിശേഷങ്ങൾ

പുതിയനിയമത്തിൽ നാലു സുവിശേഷങ്ങൾ കാണാം. ക്രിസ്തുവിന്റെ ആളത്വത്തിൽ അന്തർലീനമായിരിക്കുന്ന ദിവ്യരഹസ്യങ്ങളും ഉപദേശങ്ങളും അത്ഭുതപ്രവൃത്തികളും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്നേഹവാനായ ദൈവം പാപിയായ മനുഷ്യനുവേണ്ടി യേശുക്രിസ്തുവിൽ കൂടി ഒരുക്കിയിട്ടുള്ള രക്ഷയുടെ സന്തോഷവാർത്തയാകുന്നു സുവിശേഷങ്ങൾ. സകല മനുഷ്യരുടെയും ജീവിതലക്ഷ്യം നിർണ്ണയിക്കപ്പെടുന്നത് സുവിശേഷത്തോടുള്ള അവരുടെ വ്യക്തിപരമായ ബന്ധമാകുന്നു (യോഹ. 3:36). ക്രിസ്തു പാപികളുടെ ഏകരക്ഷകനാണ് (പ്രവൃ. 4:12; 1 തിമൊ. 2:5,6). യേശു എന്ന പേരിന്റെ അർത്ഥം രക്ഷകൻ എന്നാണ് (മത്താ. 1:21). സുവിശേഷങ്ങളിൽ 89 അദ്ധ്യായങ്ങൾ ഉണ്ട്. അതിൽ ക്രിസ്തുവിന്റെ 30 വയസ്സുവരെയുള്ള ചരിത്രം വിവരിക്കുവാൻ നാലോളം അദ്ധ്യായങ്ങൾ മാത്രമേയെടുത്തിട്ടുള്ളൂ. എന്നാൽ ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങൾ വിശദമാക്കുവാൻ പതിനേഴോളം അദ്ധ്യായങ്ങൾ എടുത്തിരിക്കുന്നു. ശേഷം അദ്ധ്യായങ്ങളിൽ ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയോടു ബന്ധപ്പെട്ട ചരിത്രം കാണാവുന്നതാണ്.

## ക്രിസ്തുവിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ

ക്രിസ്തുവിനെ ഒരു മതസ്ഥാപകനും പ്രവാചകനും ഗുരുവും നല്ല മനുഷ്യനുമായി അംഗീകരിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ ബൈബിൾ ക്രിസ്തുവിനു നൽകുന്ന മുഖ്യസ്ഥാനം അവൻ ദൈവപുത്രനാകുന്നു എന്നതത്രെ (യോഹ. 20:31). ക്രിസ്തുവിനെ ദൈവപുത്രനായ രക്ഷിതാവായി സ്വീകരിക്കുന്നവർക്കു മാത്രമേ രക്ഷിക്കപ്പെടുവാൻ കഴിയുകയുള്ളൂ (യോഹ. 1:12,13). അവന്റെ ജീവിതം നമ്മുടെ മാതൃക ആയിരിക്കണം. അപ്പോൾ നമുക്ക് ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തുന്ന അവന്റെ ശിഷ്യന്മാർ ആകുവാൻ കഴിയും (1 പത്രൊ. 2:21). ക്രിസ്തുവിന്റെ മരണപുനരുത്ഥാനവും ജീവിതവും തുല്യപ്രാധാന്യമുള്ള വിഷയങ്ങളാകുന്നു. അവന്റെ ആളത്വമാഹാത്മ്യമാകുന്നു അവന്റെ മരണപുനരുത്ഥാനത്തിന്റെ നിസ്തുല്യ മഹിമ വ്യക്തമാക്കുന്നത്.

പുതിയനിയമത്തിലെ ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ സമവീക്ഷണ സുവിശേഷങ്ങൾ എന്നു വിളിക്കുന്നു. ക്രിസ്തുവിന്റെ ജീവചരിത്ര ത്തിന്റെ സംക്ഷിപ്ത വിവരണം ആണ് അതിലുള്ളത്. യോഹന്നാന്റെ സുവി ശേഷം ക്രിസ്തുവിന്റെ ആളത്വമാഹാത്മ്യം വ്യക്തമാക്കുന്നു. ക്രിസ്തു ചെയ്ത അത്ഭുതപ്രവൃത്തികൾ വ്യക്തമാക്കിക്കൊണ്ട് അവൻ ദൈവപുത്രൻ ആണെന്ന് തെളിയിക്കുന്ന സുവിശേഷമാണിത്.

*********

# അപ്പൊസ്തലനായ പൗലൊസ്
# കൊരിന്ത്യർക്ക് എഴുതിയ രണ്ടാം ലേഖനം

## മുഖവുര

പൗലൊസു കൊരിന്ത്യർക്കു നാലു ലേഖനങ്ങൾ എഴുതിയിരുന്നു എന്ന് അഭിപ്രായപ്പെടുന്നു. അതിൽ ആദ്യത്തേതു നഷ്ടപ്പെട്ടുപോയി. രണ്ടാമത്തേതായ 1 കൊരിന്ത്യർ അവരുടെ തെറ്റുകൾ തിരുത്തുവാനുള്ളതായിരുന്നു. എന്നാൽ അതുകൊണ്ടു താൻ ആഗ്രഹിച്ച പ്രകാരം എല്ലാം നടന്നില്ല. അതുകൊണ്ടു പൗലൊസ് അവരെ സന്ദർശിച്ചു. ഈ രണ്ടാം സന്ദർശനം തനിക്കും കൊരിന്ത്യരിൽ ചിലർക്കും മനോഭാരം ഉളവാക്കി. ഈ പശ്ചാത്തലത്തിൽ വളരെ മനോഭാരത്തോടെ പൗലൊസു മൂന്നാമതൊരു ലേഖനം എഴുതി തീത്തൊസ് വശം കൊടുത്തയച്ചു. ആ കത്തു വളരെ ഫലപ്രദമായിരുന്നു. എന്നാൽ ആ വാർത്ത അറിയുവാൻ വൈകി. പൗലൊസ് എഫെസൊസിൽ നിന്നും ത്രോവാസു വഴി മക്കെദോന്യയിൽ എത്തി തീത്തൊസിനുവേണ്ടി കാത്തിരുന്നു. അവനിൽനിന്നും തന്റെ ലേഖനം ഫലപ്രദമായി എന്നറിയുവാൻ കഴിഞ്ഞു. കൊരിന്ത്യർ പൗലൊസിനെ സ്നേഹിക്കുന്നു എന്നും താൻ അവരെ സന്ദർശിക്കാൻ വൈകിയതിൽ ദുഃഖമുള്ളവരാണെന്നും അറിയുവാൻ ഇടയായി. പൗലൊസ് ഇതറിഞ്ഞു സന്തോഷിക്കയും ദൈവത്തെ സ്തുതിക്കയും ചെയ്യുന്നു എന്ന് അവരെ അറിയിക്കുവാൻ എഴുതിയ ലേഖനമാണ് 2 കൊരിന്ത്യർ. ഈ ലേഖനം എ.ഡി. 57-ൽ മക്കെദോന്യയിൽ വെച്ച് എഴുതി എന്നു കരുതുന്നു. പൗലൊസാണ് ലേഖന കർത്താവ് (1:1).

പൗലൊസിനോടു വിരോധമുള്ളവർ ഉന്നയിച്ച ആരോപണങ്ങൾ ഈ ലേഖനത്തിൽ കാണാം. കർത്താവിന്റെ ദാസന്മാർ എന്നും തെറ്റിദ്ധരിക്കപ്പെടുകയും വിമർശനങ്ങൾക്കു വിധേയരാകുകയും ചെയ്തിട്ടുണ്ട്.

1. പൗലൊസ് അസ്ഥിരനാണ് (1:17)
2. താൻ കർത്തൃത്വം നടത്തുന്നു (1:24)
3. സ്വയം ശ്ലാഘിക്കുന്നു (3:1)
4. തന്റേടിയാണ് (10:1)
5. വാക്കുകൾ കഴമ്പില്ലാത്തതാണ് (10:10)
6. പ്രതിഫലത്തിനർഹനല്ല (11:17)
7. ആത്മപ്രശംസ ഉള്ളവനാണ് (10:12-17)
8. ജഡികനാണ് (10:2)

എന്നിങ്ങനെ തന്നെക്കുറിച്ചുള്ള ആരോപണങ്ങൾക്കുള്ള മറുപടിയും കൂടെയാണ് ഈ ലേഖനം. കൂടാതെ തന്നോടു വിരോധമുള്ളവരെക്കുറിച്ചും ചില പരാമർശങ്ങൾ ഈ ലേഖനത്തിൽ കാണാം-

1. അവർ ദൈവവചനത്തോടു കൂട്ടുചേർക്കുന്നവരാണ് (2:17); മായം കലർത്തുന്നവരാണ്
2. യെഹൂദ ചാരന്മാരത്രെ (11:22)
3. അടിമപ്പെടുത്തുന്നവരാണ് (11:20)
4. അഹങ്കാരികൾ ആണ് (11:21)

ഇവരാൽ കൊരിന്ത്യർ വഞ്ചിക്കപ്പെടരുതെന്നുള്ള ആത്മഭാരത്തോടുകൂടെ എഴുതിയ ഒരു ലേഖനമാണ് ഇത്.

ഈ ലേഖനത്തെ ഏഴായി വിഭജിക്കാം-

1. അപ്പൊസ്തലന്റെ കഷ്ടതകൾ (1:1-11)
2. താൻ വരാൻ വൈകിയതിന്റെ കാരണം (1:12-24)
3. അനുതപിച്ചവനെ എങ്ങനെ സ്വീകരിക്കണം (2:5-11)
4. കൊരിന്ത്യരുടെ ആത്മിക വളർച്ചയിലുള്ള സന്തോഷം (2:12-17)
5. പൗലൊസിന്റെ തളരാത്ത ശുശ്രൂഷ (3:1-6:17)
6. ധർമ്മശേഖരത്തെക്കുറിച്ചുള്ള അപേക്ഷ (8,9)
7. പൗലൊസ് സ്വന്ത അപ്പൊസ്തലത്വത്തെ സ്ഥിരീകരിക്കുന്നു (10-13)

പൗലൊസിന്റെ വ്യക്തിപരവും വികാരനിർഭരവുമായ ഈ ലേഖനം ദൈവജനത്തിന് ആശ്വാസവും കർത്താവിനെ ശുശ്രൂഷിക്കുവാൻ പ്രേരണയും നൽകുമെന്നുള്ളതിനു സംശയമില്ല. ക്രിസ്തുവിന്റെ ബഹുമുഖങ്ങളായ അപദാനങ്ങളെ പ്രസ്താവിക്കുന്ന ഒരു ലേഖനംകൂടിയാണ് ഇത്. ക്രിസ്തു നമുക്ക് ആരായിരിക്കുന്നു എന്ന് ഇവിടെ പ്രസ്താവിക്കുന്നു-

1. ആശ്വാസപ്രദൻ (1:5)
2. വിജയദാതാവ് (2:14)
3. പ്രകാശം നൽകുന്ന വെളിച്ചം (4:6)

4. പ്രതിഫലം നൽകുന്ന നീതിയുള്ള ന്യായാധിപൻ (5:10)
5. ദൈവത്തോടു നിരപ്പിക്കുന്നവൻ (5:19)
6. നീതിയായി തീർന്നവൻ (5:21)
7. പറഞ്ഞുതീരാത്ത ദാനം (9:15)
8. നമ്മുടെ ഉടമസ്ഥൻ (10:7)
9. കൃപയും ശക്തിയും (12:9)

ഈ നിസ്തുല്യ രക്ഷിതാവിനെ ആഴമായി അറിയുവാനും, അവനിൽ ആശ്വാസം കണ്ടെത്തുവാനും, അവനെ ആനന്ദത്തോടെ ആഘോഷിക്കു വാനും ഈ പഠനം മുഖാന്തരമാകട്ടെ എന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**അദ്ധ്യായം 1**

പൗലൊസ് ഈ ലേഖനം കൊരിന്തിലും അഖായയിലുമുള്ള വിശുദ്ധന്മാർക്ക് ആശംസയർപ്പിച്ചുകൊണ്ടാണ് ആരംഭിക്കുന്നത്. താൻ ദൈവഹിതപ്രകാരം അപ്പൊസ്തലനായതാണ്. സ്വന്ത പ്രയത്നംകൊണ്ടു സമ്പാദിച്ചതല്ല. തന്റെ അപ്പൊസ്തലത്വത്തെ വിമർശിക്കുന്നവർക്കുള്ള ഉത്തരമായിരുന്നു അത്. തിമൊഥെയൊസിനോടു ചേർന്നു വന്ദനം ചൊല്ലുന്നു. അവൻ പൗലൊസിനു വിശ്വാസത്തിൽ നിജപുത്രനും സഹകാരിയുമായിരുന്നു. കൊരിന്തിലെ സഭ ദൈവത്തിന്റെ സഭയാണ്. അതിനെ നാം മനുഷ്യരുടെ സഭയാക്കരുത്. കൃപയും സമാധാനവും അവർക്ക് ആശംസിക്കുന്നു. ക്രിസ്തീയ ജീവിതം കൃപയുടെ ജീവിതമാണ്. ദൈവകൃപ ലഭിച്ചവർ ദൈവസമാധാനം ഉള്ളവർ ആകും. അതു പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽനിന്നും വരുന്നതാണ്. യേശു കർത്താവാണ് അഥവാ ദൈവമാണ് എന്ന് ഇവിടെ തെളിയുന്നു (യോഹ. 20:28). യേശുവിനെ കർത്താവ് എന്നു ഏറ്റുപറയുന്നവർ രക്ഷിക്കപ്പെടുന്നു (റോമർ 10:9). ദൈവം വിശ്വാസികളുടെ സ്വർഗ്ഗീയപിതാവാകുന്നു. ഇവിടെ ദൈവത്തെയും യേശുവിനെയും ചേർത്തു പറഞ്ഞിരിക്കുന്നതും അവന്റെ ദൈവത്വത്തിന്റെ തെളിവാകുന്നു.

## കഷ്ടതകളിൽ ആശ്വാസം നൽകുന്ന ദൈവം (1:3-11)

പൗലൊസും സഹപ്രവർത്തകരും ക്രിസ്തുവിനുവേണ്ടി വളരെ കഷ്ടം സഹിച്ചവരാണ്. മാനസികവും ശാരീരികവുമായ കഷ്ടതകൾ ഉണ്ട്. അവർ അനുഭവിച്ച കഷ്ടങ്ങൾ ക്രിസ്തു നിമിത്തമുള്ളതാകയാൽ അതിനെ ക്രിസ്തുവിന്റെ കഷ്ടങ്ങൾ എന്നു പറയുന്നു. ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നവർ ക്രിസ്തുവിനെ ഉപദ്രവിക്കുന്നു (പ്രവൃ. 9:4). കഷ്ടതകളെ താൻ സന്തോഷത്തോടുകൂടെ സഹിച്ചു. അതു പിറുപിറുപ്പോടെ സഹിക്കുവാൻ ആവശ്യം വന്നില്ല. ദൈവിക ആശ്വാസം തനിക്കു സമൃദ്ധിയായി ലഭിച്ചു. ആശ്വാസം വെറും അനുകമ്പയല്ല പ്രത്യുത കഷ്ടത സഹിക്കുവാൻ ധൈര്യം പ്രദാനം ചെയ്യുന്ന ദൈവകൃപയാണ്. കർത്താവു നൽകുന്ന ദൗത്യം നിർവ്വഹിക്കുവാനുള്ള ശക്തി അവൻ നൽകുന്നു. ദൈവമാണ് ആശ്വാസങ്ങളുടെ ഉറവിടം. വിഷമഘട്ടങ്ങളിൽ അവൻ നമ്മോടു സഹതപിക്കയും പ്രോത്സാഹനം നൽകയും ചെയ്യുന്നു. അതു തുല്യദുഃഖിതരെ ആശ്വസിപ്പിക്കുന്നതിനാണ് എന്ന സത്യം നാം അറിഞ്ഞിരിക്കേണ്ടതാണ്. കൂടാതെ ഈ ദൈവത്തെ നാം സ്തുതിക്കുന്നവർ ആകണം. നമ്മെ സഹായിക്കുവാനും സഹതാപം കാണിക്കുവാനും കർത്താവു കഴിവും മനസ്സും ഉള്ളവനാണ് (എബ്രാ. 2:18; 4:15). ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ പങ്കാളികൾ ആകുന്നവർക്കു മാത്രമേ അവന്റെ മഹത്വത്തിനും പങ്കാളികൾ ആകുവാൻ കഴികയുള്ളൂ (2 തിമൊ. 2:11). താൻ അനുഭവിച്ച ആശ്വാസം കൊരിന്തിൽ കഷ്ടം സഹിക്കുന്നവരെ ആശ്വസിപ്പിക്കുവാൻ പൗലൊസിനെ സഹായിച്ചു. ക്രിസ്തുവിന്റെ കഷ്ടങ്ങ ളിൽ പങ്കാളികളായ കൊരിന്ത്യരെക്കുറിച്ചു പൗലൊസിനും വിശ്വാസവും പ്രത്യാശയും ഉണ്ടായിരുന്നു. കഷ്ടത സഹിക്കുവാനുള്ള ഹൃദയം വിശ്വാസ ത്തിന്റെ നിജസ്ഥിതി വെളിപ്പെടുത്തുന്നു.

ആസ്യയിൽ പൗലൊസും സഹപ്രവർത്തകരും സഹിച്ച കഷ്ടങ്ങളെക്കുറിച്ചു കൊരിന്ത്യർ അറിയണം എന്നു താൻ ആഗ്രഹിച്ചു. അവർ മരണഭയത്തിൽ എപ്പോഴും കഴിയുന്നവരായിരുന്നു. കർത്താവു ഭരമേൽപ്പിച്ച ശുശ്രൂഷ പൂർത്തിയാക്കുവാൻ കഴിയുമോ എന്നു താൻ ഭാരപ്പെട്ടു. എന്നാൽ ദൈവം മരണത്തിൽനിന്നും വിടുവിക്കും എന്നു കർത്താവിൽ താൻ ഉറച്ചു. കൊരിന്ത്യർ പൗലൊസിനും സഹപ്രവർത്തകർക്കുംവേണ്ടി പ്രാർത്ഥിക്കുകയും ദൈവം അവരെ വിടുവിക്കുകയും ചെയ്തു. കൂടാതെ പൗലൊസും സഹപ്രവർത്തകരും മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിന്റെ വിടുതലിനായി കാത്തിരുന്നു വിശ്വസിച്ചു. അവർക്കു ലഭിച്ച വിടുതലിനെ ദൈവത്തിൽനിന്നും കിട്ടിയ കൃപ എന്ന് ഇവിടെ വിശേഷിപ്പിച്ചിരിക്കുന്നു. അത് ഓർത്തുകൊണ്ട് അവർ ദൈവത്തിനു സ്തോത്രം ചെയ്യുന്നവർ ആയി. നമുക്കും ആ നല്ല മാതൃക അനുകരിക്കാം.

## പൗലൊസു വരാൻ താമസിച്ചതിന്റെ കാരണം (1:12-2:4)

പൗലൊസു തന്റെ ജീവിതത്തിൽ നല്ല മനസ്സാക്ഷി പുലർത്തിയിരുന്നു. കൊരിന്തിൽ പാർത്ത 18 മാസക്കാലം വിശുദ്ധിയിലും നിർമ്മലതയിലും ഉള്ള തന്റെ ജീവിതത്തിന് അവർ സാക്ഷികൾ ആയിരുന്നു. കൊരിന്തിൽ സാധിച്ചതെല്ലാം മനുഷ്യജ്ഞാനത്താൽ അല്ലായിരുന്നു, പ്രത്യുത ദൈവകൃപയാലായിരുന്നു. കൊരിന്തിൽ ചിലർ പൗലൊസു വാക്കുമാറുന്നവനാണെന്നും അതുകൊണ്ടാണ് അവരെ സന്ദർശിക്കാഞ്ഞതെന്നും ആരോപിച്ചിരുന്നു. എന്നാൽ കൊരിന്ത്യർക്കു പൗലൊസിന്റെ വിശ്വസ്തതയെക്കുറിച്ചു ബോധമുണ്ടായിരുന്നു. അതു സത്യമാണെന്നു ക്രിസ്തു

വിന്റെ ന്യായാസനത്തിൽ പ്രതിഫലം നൽകുന്ന ദിവസം വെളിപ്പെടും എന്നു തനിക്ക് ഉറപ്പുണ്ടായിരുന്നു.

പൗലൊസു കൊരിന്ത്യരെ സന്ദർശിച്ചശേഷം മക്കെദോന്യക്കു പോകുവാനും മടങ്ങി അവരുടെ അടുക്കൽ വന്നശേഷം ധനശേഖരവുമായി യെരൂശലേമിലേക്കു യാത്ര ആകുവാനുമാണ് പ്ലാൻ ചെയ്തിരുന്നത്. അതു ദൈവത്തിലാശ്രയിച്ച് ആഗ്രഹിച്ച പ്ലാൻ ആയിരുന്നു. അതു വെറും മനുഷ്യനിരൂപണം ആയിരുന്നില്ല. അതിനു ദൈവം സാക്ഷിയാകുന്നു. അവരോടുള്ള ബന്ധത്തിൽ അപ്പൊസ്തലന്റെ ഇടപാടുകൾ സത്യസന്ധമായിരുന്നു. അവന്റെ ശുശ്രൂഷകളും അങ്ങനെയായിരുന്നു. അവരോടു പ്രസംഗിച്ച ക്രിസ്തു വിശ്വസ്തനായിരിക്കുന്നതുപോലെ അവന്റെ ദാസന്മാരും വിശ്വസ്തരായിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. ദൈവവാഗ്ദത്തങ്ങൾ സത്യമാണ്. അതിന്റെ ഉറപ്പാണ് നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ്. നാം അവന്റെ വകയാണ്. നമ്മുടെ അവകാശത്തിന്റെ അച്ചാരമായി അവന്റെ ആത്മാവിനാൽ നാം മുദ്രയിടപ്പെട്ടിരിക്കുന്നു. ഇതു നമ്മുടെ രക്ഷയുടെ ഭദ്രതയെ കാണിക്കുന്നു. ദൈവമാണ് ക്രിസ്തുവിൽ നമ്മെ ഉറപ്പിക്കയും യോഗ്യരാക്കയും ശക്തീകരിക്കയും പഠിപ്പിക്കയും ചെയ്യുന്നത്. പരിശുദ്ധാത്മാഭിഷേകം മൂലം സാധിക്കുന്നത് അതാണ്.

തുടർന്നു പൗലൊസു കൊരിന്തിൽ വരുവാൻ വൈകിയതിന്റെ കാരണം വ്യക്തമാക്കുന്നു. അവരെ കരുതിയാണ് വരാൻ താമസിച്ചത്. താൻ ഒരു ഏകാധിപതിയെപ്പോലെ അവരുടേ മേൽ ആധിപത്യം സ്ഥാപിക്കുവാൻ ആഗ്രഹിച്ചില്ല. അവരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ഉറപ്പിക്കു കയും ചെയ്യുന്ന ശുശ്രൂഷ ചെയ്യുവാൻ പൗലൊസു താല്പര്യപ്പെട്ടു. ദുർമാർഗ്ഗ ജീവിതം നയിക്കുന്ന വ്യക്തി മാനസാന്തരപ്പെടുവാൻ അവസരം നൽകേണ്ടതിനു താൻ വരുവാൻ താമസിച്ചു എന്നു വ്യക്തമാക്കിയിരിക്കുന്നു.

## അദ്ധ്യായം 2

പൗലൊസ് ഒന്നാം ലേഖനം എഴുതിയത് പാപിയായ മനുഷ്യനെതിരെ നടപടി എടുക്കുവാൻ മാന്ദ്യംകാണിച്ചതിലുള്ള ദുഃഖം അറിയിക്കുവാനും അവരുടെ അനുസരണം പരിശോധിക്കുവാനുമായിരുന്നു (2:9). പല തിന്മകൾ ആ സഭയിൽ ഉണ്ടായിരുന്നെങ്കിലും സഭയിൽനിന്നും മുടക്കണമെന്നു പറയു ന്നത് ഈ ഒരു വ്യക്തിയെക്കുറിച്ചു മാത്രമാകുന്നു. തെറ്റുകാരൻ അനുതപിക്കുവാൻ താമസിച്ചു. അതു സഭയ്ക്കു ദുഃഖം ഉളവാക്കി. ആ സന്ദർഭത്തിൽ പൗലൊസു വന്നാൽ അതു തനിക്കും ദുഃഖത്തിനു കാരണമാകും. താൻ അവരോടുകൂടെ സന്തോഷിക്കുവാൻ ആഗ്രഹിച്ചു. അതുകൊണ്ടാണ് വരുവാൻ വൈകിയത് എന്നു പ്രസ്താവിക്കുന്നു.

തന്റെ മൂന്നാമത്തെ ലേഖനത്തിന്റെ ഉദ്ദേശം കൊരിന്ത്യർക്കു ദുഃഖം ഉളവാക്കുക എന്നുള്ളതല്ലായിരുന്നു. അവരോടുള്ള സഹോദരസ്നേഹം ആയിരുന്നു. തെറ്റുകാരൻ സഭയെ ദുഃഖിപ്പിച്ചവനാണ്. അവൻ സഭയാൽ ശിക്ഷിക്കപ്പെട്ടു. അപ്പോൾ അപരാധി അതിദുഃഖിതനായി മാനസാന്തരപ്പെട്ടു. അവനെ തിരികെ കൂട്ടായ്മയിലേക്കു ചേർക്കുവാൻ അവർ തയ്യാറാകണം എന്നു പൗലൊസ് ആവശ്യപ്പെടുന്നു. അവൻ തകർന്നുപോകുവാൻ ഇടയാകരുത്. അവനോടു ക്ഷമിച്ചു മനസ്സു തണുപ്പിക്കണം. അങ്ങനെ സ്നേഹത്തിലും ഐക്യതയിലും തുടരുവാൻ ഇടയാകണം. ഇതിൽ മാന്ദ്യം കാണിക്കരുതെന്ന് അപ്പൊസ്തലൻ ഉപദേശിക്കുന്നു. സഭയോടു തെറ്റുചെയ്തവനെ സാത്താന്റെ ശിക്ഷയ്ക്കു സഭ ഏല്പിച്ചു. ദൈവത്തിന്റെ ശിക്ഷ അഥവാ ഗുണീകരണത്തിനായി ചിലപ്പോൾ സാത്താനെ ഏല്പിക്കാറുണ്ട്. ഇയ്യോബിന്റെ ജീവിതം അതിനു ദൃഷ്ടാന്തമാകുന്നു. അനുതപിക്കുമ്പോൾ മാന്ദ്യം കാണിക്കാതെ അവനെ കൂട്ടായ്മയിലേക്കു സ്വീകരിക്കണം. അല്ലാത്തപക്ഷം സാത്താൻ മുതലെടുക്കുകയും ആ വ്യക്തിയുടെ ആത്മിക തകർച്ചയ്ക്കും സഭയുടെ സാക്ഷ്യത്തിനും ഹാനി സംഭവിക്കുകയും ചെയ്യും. ദൈവജനം ശ്രദ്ധിക്കേണ്ട ആലോചനകളാണ് ഇവ. അനുതപിക്കുന്നവരെ പരസ്യമായി അംഗീകരിക്കണം.

### തുറന്ന വാതിൽ

തീത്തൊസിനെ കാണുവാനും കൊരിന്ത്യരുടെ വിവരം അറിയുവാനുമുള്ള ആഗ്രഹത്തോടുകൂടെ പൗലൊസു ത്രോവാസിൽ എത്തി. അവിടെ സുവിശേഷം പ്രസംഗിക്കാൻ വാതിൽ തുറന്നുകിട്ടി. സ്വന്തം കഴിവ് ഉപയോഗിച്ച് അവസരങ്ങൾ സൃഷ്ടിക്കുന്നതിനേക്കാൾ ദൈവം ഒരുക്കുന്ന അവസരത്തിനായി പൗലൊസു കാത്തിരുന്നു. അതിനായി പ്രാർത്ഥിക്കുവാൻ അപേക്ഷിച്ചു (കൊലൊ. 4:3; 1 കൊരി. 16:9). കൊരിന്തിലെ വിശ്വാസികളെക്കുറിച്ചുള്ള ഭാരം പൗലൊസിനു പ്രയാസം ഉളവാക്കി. തൽഫലമായി താൻ തീത്തൊസിനെ കണ്ടുമുട്ടുവാൻ മക്കെദോന്യയിലേക്കു പോയി. ആത്മാക്കളെക്കുറിച്ചു നാം ഭാരമുള്ളവരായി സുവിശേഷവേലയിൽ തുടരുന്നതു നല്ലതാണ്. എന്നാൽ നമ്മുടെ പ്രഥമ ഉത്തരവാദിത്വം തുടങ്ങിയ വേല പൂർത്തീകരിക്കുക എന്നുള്ളതാണ്. അന്യോന്യമുള്ള സ്നേഹമാണ് ദൈവജനത്തിന്റെ മുഖ്യലക്ഷണം. അപ്പോൾ നാം ക്രിസ്തുവിന്റെ സാക്ഷികളായി ലോകത്തിൽ അറിയപ്പെടും (യോഹ. 13:35).

### ജയോത്സവമായ ശുശ്രൂഷ (2:14-17)

കൊരിന്ത്യരെക്കുറിച്ചുള്ള സന്തോഷവാർത്ത തീത്തൊസിൽനിന്നും അറിഞ്ഞ പൗലൊസിനു ക്രിസ്തുമൂലം ലഭിക്കുന്ന വിജയത്തെക്കുറിച്ച് ഉറപ്പുണ്ടാകയും ദൈവത്തിനു സ്തോത്രം അർപ്പിക്കുവാൻ കഴികയും ചെയ്തു. ക്രിസ്തുവിൽ തന്റെ ദാസന്മാരെ ജയോത്സവമായി നടത്തുന്നവനാണ് ദൈവം. ഇത് എഴുതുമ്പോൾ പൗലൊസ് വിജയികൾക്കു റോമിൽ നൽകിയിരുന്ന സൈനിക ഘോഷയാത്രയുടെ ചിത്രം മനസ്സിൽ കണ്ടിരിക്കണം. യുദ്ധത്തിൽ ജയിച്ചുവരുന്ന സർവ്വസൈന്യാധിപനു നൽകുന്നതായിരുന്നു ഈ ഘോഷയാത്ര. അന്നു സർവ്വസൈന്യാധിപന്റെ മുൻപിലും പിൻപിലുമായി അടിമകൾ ഉണ്ടായിരിക്കും. അവർ വഹിക്കുന്ന ധൂപകലശത്തിൽനിന്നും

സുഗന്ധം ഉയരും. വാദ്യഘോഷങ്ങളോടു കൂടെയാണ് ഈ യാത്ര. മുമ്പിലുള്ള അടിമകൾക്കു സ്വാതന്ത്ര്യം ലഭിക്കും. അതുകൊണ്ടു വാസന ജീവനിലേക്കുള്ള വാസനയാണ്. പിൻപിലുള്ള അടിമകൾ കൊല്ലപ്പെടുവാനുള്ളവരാണ്. അതുകൊണ്ട് അവർക്ക് വാസന മരണത്തിന്റെ വാസനയാണ്. പൗലൊസു പോയ സ്ഥലങ്ങളിൽ താൻ സുവിശേഷം പ്രസംഗിച്ചു. വിശ്വസിച്ചവർക്ക് അതു ജീവന്റെ വാസനയും തിരസ്കരിച്ചവർക്കു മരണത്തിന്റെ വാസനയുമായി പരിണമിച്ചു. തന്റെ പ്രസംഗം ക്രിസ്തുവിന്റെ പരിജ്ഞാന ത്തിന്റെ വാസന പുറപ്പെടുവിക്കുന്നതായിരുന്നു. ഇതു മുഖാന്തരം ഉണ്ടാകുന്ന അനുഗ്രഹം മനസ്സിലാക്കിയ പൗലൊസു തന്റെ ബലഹീനത സമ്മതിച്ചേറ്റു പറയുന്നു. ഈ ദൗത്യം ദൈവദത്തമാകുന്നു എന്നു മനസ്സിലാക്കിയ അപ്പൊസ്തലൻ അത് അനുസരിച്ചു. ദൈവദാസന്മാർ തങ്ങളുടെ പ്രാപ്തി ദൈവത്തിന്റെ ദാനമെന്നു പറയുവാൻ ഇടയാകണം (3:5).

പൗലൊസിനെ വിമർശിക്കുന്നവർ ദൈവവചനത്തോടു കൂട്ടുചേർക്കുന്നവരായിരുന്നു. കേൾവിക്കാരെ പ്രസാദിപ്പിക്കുവാൻ വചനം കോട്ടിക്കളകയോ കൂട്ടിച്ചേർക്കയോ ചെയ്യുന്നതു ശിക്ഷാർഹമാകുന്നു. പൗലൊസു ദൈവവചനം സത്യസന്ധമായും ഹൃദയനൈർമ്മല്യതയോടും കൂടെ പ്രസംഗിച്ചു. തന്റെ ശുശ്രൂഷകൾ ക്രിസ്തുവിലുള്ള അധികാരത്തോടെ നിർവ്വഹിച്ചു. കർത്താവു സകലവും അറിയുന്നു എന്നുള്ള ബോധത്തോടെ താൻ ക്രിസ്തുവിനെ പ്രസംഗിച്ചു. ആ നല്ല മാതൃക നമുക്കും അനുകരിക്കാം.

## അദ്ധ്യായം 3

കൊരിന്ത്യരിൽ ചിലർ പൗലൊസിനെ വിമർശിക്കുന്നവർ ആയിരുന്നു. താൻ അധികാരപത്രവുമായി കൊരിന്തു സന്ദർശിക്കണം എന്നു ചിലർ വിചാരിച്ചിരിക്കണം. അതിനുള്ള മറുപടിയാണ് ആദ്യവാക്യങ്ങളിൽ കാണുന്നത്. പൗലൊസ് കൊരിന്ത്യരുടെ ആത്മിക പിതാവും അവർ തന്റെ പ്രയത്നഫലവുമാകയാൽ തനിക്ക് ഒരു ശ്ലാഘ്യപത്രത്തിന്റെ ആവശ്യമില്ല. അന്ന് അങ്ങനെ ഒരു പരിചയം ഉണ്ടായിരുന്നു (പ്രവൃ. 18:27). ഇന്നും പുതിയ സ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ കമന്റേഷൻ ലറ്റർ കൊണ്ടുപോകുന്നതു നല്ലതാണ്. പ്രവർത്തകനെ മനസ്സിലാക്കുവാൻ പ്രവർത്തനഫലം സഹായിക്കും. പൗലൊസിന്റെ ശ്ലാഘ്യപത്രം കൊരിന്തിലെ വിശ്വാസികൾ ആയിരുന്നു. അത് എല്ലാവരും അറിയുന്ന വസ്തുതയാണ് (1 കൊരി. 9:2). അപ്പൊസ്തലനും ആ കാര്യം നിശ്ചയമുള്ളതാണ്. കൊരിന്ത്യർ ക്രിസ്തുവിന്റെ പത്രങ്ങളായി വെളിപ്പെട്ടിരുന്നു. അത് ദൈവം അത്ഭുതകരമായി ചെയ്ത പ്രവൃത്തി ആകുന്നു. ക്രിസ്തുവിനെ വെളിപ്പെടുത്തുന്നതും നിലനിൽക്കുന്നതുമായ ആ പ്രവൃത്തി ദൈവത്തിന്റെ ആത്മാവാണ് ചെയ്തത്. അതുകൊണ്ട് തന്റെ ശുശ്രൂഷ ദൈവം അംഗീകരിച്ചിരിക്കുന്നു എന്നുള്ള വിശ്വാസം പൗലൊസിനുണ്ടായിരുന്നു. ഇതിന് തന്നെ പ്രാപ്തനാക്കുന്നത് ദൈവമാണെന്നുള്ള സത്യം അപ്പൊസ്തലൻ സമ്മതിക്കുന്നു. സ്വന്തം കഴിവുകൊണ്ട് ദൈവത്തെ സേവിക്കുവാൻ കഴിയുന്നതല്ല (യോഹ. 15:5). ഇന്ന് അപ്പൊസ്തലൻ പുതിയനിയമത്തിന്റെ ശുശ്രൂഷകനാണ്. പഴയനിയമം അക്ഷരത്തിന്റെ ശുശ്രൂഷയായിരുന്നു. അത് മരണവിധി ഉച്ചരിക്കുന്നതാണ്. ന്യായപ്രമാണത്തെക്കുറിച്ചുള്ള പരാമർശമാണ് ഇത്. എന്നാൽ പുതിയനിയമം ആത്മാവിന്റെ ശുശ്രൂഷയും ജീവിപ്പിക്കുന്നതുമാണ്. ആ ശുശ്രൂഷ ദൈവം നൽകി എന്നത്രെ പൗലൊസ് സാക്ഷിക്കുന്നത്. അത് ക്രിസ്തുവിന്റെ ക്രൂശുമരണം മൂലം സ്ഥാപിക്കപ്പെട്ടു (മത്താ. 26:28; 1 കൊരി. 11:25; എബ്രാ. 9:15).

### പുതിയ നിയമത്തിന്റെ ശ്രേഷ്ഠതകൾ (3:6-18)

ഇവിടെ ക്രിസ്തുവിൽ ആരംഭിച്ച പുതിയനിയമത്തെ പഴയ ഉടമ്പടി യായ ന്യായപ്രമാണത്തോട് തുലനം ചെയ്തിരിക്കുന്നു. പുതിയ ഉടമ്പടിയെ ക്കുറിച്ച് പഴയനിയമത്തിൽ സൂചനയുണ്ട് (യിരെ. 31:31; യെഹെ. 36:26,27). പൗലൊസ് പുതിയനിയമത്തിന്റെ ശുശ്രൂഷകനായി ദൈവത്താൽ നിയമിക്ക പ്പെട്ടവനാണ്. കൊരിന്ത്യർ പുതിയനിയമത്തിന്റെ ദൂതായ സുവിശേഷം കേട്ട് രക്ഷിക്കപ്പെട്ടവരാകുന്നു. അവരെ പഴയ ഉടമ്പടിയുടെ മാർഗ്ഗമായ യെഹൂദ മതത്തിലേക്ക് വലിച്ചുകൊണ്ടു പോകുവാൻ ചിലർ ശ്രമിച്ചു. അതുകൊണ്ട് പുതിയനിയമത്തിന്റെ മഹത്വത്തെക്കുറിച്ച് കൊരിന്ത്യരെ മനസ്സിലാക്കുവാൻ പൗലൊസ് ഇവിടെ ശ്രമിക്കുന്നു.

പഴയ ഉടമ്പടി കല്ലിൽ അക്ഷരമായി കൊത്തി മോശെക്ക് ലഭിച്ചു. അത് മരണത്തിന്റെ ശുശ്രൂഷയായിരുന്നു. മങ്ങിപ്പോകുന്ന തേജസ്സുള്ളതാണ്. ഇത് ന്യായപ്രമാണത്തിന്റെ താല്ക്കാലിക സ്വഭാവം വെളിപ്പെടുത്തുന്നു (പുറ. 34:29-35). ന്യായപ്രമാണം ദൈവം മോശെ മുഖാന്തരം നൽകി. അതു വിശു ദ്ധവും ന്യായവും നല്ലതുമായ പ്രമാണങ്ങൾ ആണ് (റോമർ 7:12). എന്നാൽ അത് അനുസരിക്കുവാൻ മനുഷ്യന് പ്രാപ്തിയില്ല. തൽഫലമായി അത് മരണത്തിന്റെ പ്രമാണമായിത്തീർന്നു. പുതിയനിയമം വിശ്വാസികൾക്ക് ജീവന്റെ പ്രമാണം ആണ്. അത് പാപത്തിന്റേയും മരണത്തിന്റേയും പ്രമാണത്തിൽ നിന്നും നമുക്ക് സ്വാതന്ത്ര്യം നൽകുന്നു (റോമർ 8:2). സുവിശേഷം പാപക്ഷമയും നീതീകരണവും നൽകുന്നു. സൽപ്രവൃത്തികളാൽ ആർക്കും നീതീകരിക്കപ്പെടാവുന്നതല്ല (റോമർ 3:10-20). ക്രിസ്തുവിന്റെ നീതി നമ്മുടെ പേരിൽ കണക്കിടുമ്പോൾ നാം നീതീകരിക്കപ്പെടുന്നു (റോമർ 5:1). പുതിയ നിയമത്തിന്റെ മഹത്വം വിശദീകരിക്കുന്ന പുസ്തകമത്രെ എബ്രായ ലേഖനം (9:11-28; 10:11-22).

പുതിയനിയമത്തിന്റെ ശുശ്രൂഷ അധികം തേജസ്സുള്ളതാണ്. അത് പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയാകുന്നു. മോശെ ന്യായപ്രമാണവുമായി പർവ്വത ത്തിൽനിന്നും ഇറങ്ങിവന്നപ്പോൾ അവന്റെ മുഖം തേജസ്സുള്ളതായിരുന്നു. ജനത്തിന് അവനെ നോക്കുവാൻ ഭയമായിരുന്നു. അതുകൊണ്ട് മോശെ മുഖം മൂടിക്കൊണ്ട് യിസ്രായേൽ ജനത്തോട് സംസാരിച്ചു. എന്നാൽ അവന്റെ തേജസ്സ് മങ്ങിപ്പോകുന്നതായിരുന്നു. ന്യായപ്രമാണം ലംഘിക്കുന്നവർക്ക്

ശിക്ഷാവിധിയും മരണവും നൽകി. സുവിശേഷം സൗജന്യമായ രക്ഷ വിശ്വസിക്കുന്ന ഏവർക്കും നൽകുന്നു. അതിന്റെ തേജസ്സിൽ ന്യായപ്രമാണത്തിന്റെ തേജസ്സ് മങ്ങിപ്പോകുന്നു. സുവിശേഷത്തിന്റെ തേജസ്സ് നിലനിൽ ക്കുന്ന അതിമഹത്തായ തേജസ്സാകുന്നു.

സുവിശേഷം പ്രത്യാശ നൽകുന്ന രക്ഷണ്യദൂതാകുന്നു. അത് പ്രാഗ ത്ഭ്യത്തോടെ അറിയിക്കുവാൻ നമുക്കു കഴിയണം. അപ്പൊസ്തലന്മാർ നിർ ഭയം അത് പ്രസംഗിച്ചു (പ്രവൃ. 4:13). മോശെ മുഖം മറച്ചതു നീങ്ങിപ്പോകുന്ന തേജസ്സ് യിസ്രായേൽ കാണാതിരിക്കാൻ കൂടിയായിരുന്നു. ഇതിനെ ന്യായപ്രമാണത്തിൽ ആശ്രയിക്കുന്നവരോട് തുലനപ്പെടുത്തിയിരിക്കുന്നു. അവർ ഹൃദയത്തിൽ മൂടുപടം ഉള്ളവരാണ്. ആത്മീയ അന്ധതയിൽ കഴിയുന്നു. ക്രിസ്തുവിന് മാത്രമേ ആ അന്ധത നീക്കുവാൻ കഴിയുകയുള്ളൂ. അപ്പോൾ അവർ ആത്മിക സ്വാതന്ത്ര്യം ഉള്ളവർ ആകും (യോഹ. 8:32). അവർക്ക് ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി കാണുവാൻ കഴിയും. അങ്ങനെ നാം അവന്റെ സാദൃശ്യത്തോട് അനുരൂപപ്പെടുന്നു. കർത്താവിന്റെ വരവിൽ നാം അവനോടു പൂർണ്ണമായി അനുരൂപ പ്പെടും. നാം ഇന്നു ക്രിസ്തുവിന്റെ തേജസ്സു പുറപ്പെടുവിക്കുന്നവരാണോ? മോശെയുടെ തേജസ്സു മങ്ങിപ്പോയി. പുതിയനിയമ വിശ്വാസികളായ നാം തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് ക്രിസ്തുവിന്റെ പ്രതിമയായിക്കൊണ്ടിരിക്കു ന്നു. അതു പരിശുദ്ധാത്മാവു നമ്മിൽ വസിച്ച് നിവർത്തിക്കുന്ന പ്രവൃത്തിയാകുന്നു. ഒടുവിൽ നാം അവനോടു സമ്പൂർണ്ണ സദൃശന്മാർ ആകും (1 യോഹ. 3:2).

## അദ്ധ്യായം 4

### പുതിയ നിയമത്തിന്റെ ശുശ്രൂഷകൻ (4:1-6)

പൗലൊസ് പുതിയനിയമത്തിന്റെ ശുശ്രൂഷകനാണ്. താൻ അപ്പൊസ്തലനായതു സ്വന്ത കഴിവുകൊണ്ടായി രുന്നില്ല. വ്യക്തിഗുണമൊന്നും ഇല്ലായിരുന്ന പൗലൊസ് കരുണയാൽ ക്രിസ്തുവിനെ പ്രസംഗിക്കുവാൻ തിരഞ്ഞെ ടുക്കപ്പെട്ടു (1 തിമൊ. 1:16). കർത്തൃദാസന്മാർക്ക് ഈ ബോധവും താഴ്മയും ഉണ്ടായിരിക്കണം. ഈ അറിവു കർത്താ വിനെ കൂടുതൽ സ്നേഹിക്കുവാനും ശുശ്രൂഷയിൽ തളരാതെ ആത്മാവിന്റെ ശക്തിയിൽ മുന്നേറുവാനും തന്നെ സഹായിച്ചു.

തന്നെ വിമർശിക്കുന്നവരുടെ സ്വഭാവം 2-ാം വാക്യത്തിൽ സൂചിപ്പിക്കുന്നു. താൻ അതുപോലെ ലജ്ജാകര മായ രഹസ്യങ്ങൾ സൂക്ഷിക്കു കയോ, ഉപായം പ്രയോഗിക്കുകയോ, വചനത്തോടു മായം കലർത്തുകയോ ചെയ്തി ല്ല. ദൈവം വെളിപ്പെടുത്തിയ പുതിയനിയമത്തിന്റെ സാക്ഷിയായി. അത് മനുഷ്യരുടെ മനസ്സാക്ഷിക്കും ദൈവ മുൻപാകെയും സത്യമാകുന്നു. അത് മറഞ്ഞിരിക്കുന്നത് ന്യായപ്രമാണം അനുസരിക്കുന്നവർക്ക് മാത്രമാകുന്നു. അവർ സാത്താന്യശക്തിയിൽ അടിമപ്പെട്ട് ആത്മീയ അന്ധതയിൽ കഴിയുന്നു. സാത്താൻ ഈ ലോകത്തിന്റെ ദൈവമാണ്. ലോകം അവന്റെ സ്വാധീനവലയത്തിൽ കഴിയുന്നു (മത്താ. 4:9). ക്രിസ്തുവിൽ വിശ്വസിക്കാത്തവർ സാത്താനാൽ കുരുടരാക്കപ്പെട്ടവരാണ്. ക്രിസ്തു ദൈവപ്രതിമയാണ്. ദൈവത്തിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശം ക്രിസ്തുവിൽ ശോഭിച്ചു. അത് അറിയിക്കുന്നതിൽ പൗലൊസ് കർത്താവിനോട് കടപ്പെട്ട അവന്റെ ദാസൻ മാത്രമായിരുന്നു. സൃഷ്ടിയിൽ ദൈവം കല്പിച്ചപ്പോൾ വെളിച്ചം ഉണ്ടായി (ഉല്പ. 1:3). അതുപോലെ വീണ്ടും ജന നത്തിങ്കൽ യേശുക്രിസ്തുവിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം നമ്മുടെ ഹൃദയങ്ങളിലും പ്രകാശിക്കും. പൗലൊ സിന് ഈ അനുഭവം ഉണ്ടായിരുന്നു (1 കൊരി. 2:10-14).

### ശുശ്രൂഷകനായി കഷ്ടം സഹിക്കുന്നു (4:7-15)

പൗലൊസ് തന്റെ ബലഹീനതകളെക്കുറിച്ച് ബോധമുള്ളവനായിരുന്നു. ശുശ്രൂഷ ദൈവദത്തവും അവന്റെ ശക്തിയിൽ തുടരേണ്ടതുമാണ്. മനുഷ്യൻ വെറും മൺപാത്രം ആകുന്നു എങ്കിലും അവനിലത്രെ ഈ മഹത്വ മാർന്ന ശുശ്രൂഷ നിക്ഷിപ്തമായിരിക്കുന്നത്. അതുകൊണ്ടു ദൈവാശ്രയത്തിൽ അത് ചെയ്യേണ്ടതാകുന്നു. അന്നു നിക്ഷേപങ്ങൾ മൺകുടങ്ങളിലാണ് സൂക്ഷിച്ചിരുന്നത്. ഒന്നു മുട്ടിയാൽ അത് തകർന്നുപോകും. അതിന് തുല്യ നാണ് മൂക്കിൽ ഒരു ശ്വാസം മാത്രമുള്ള മനുഷ്യൻ. അങ്ങനെയുള്ള മനുഷ്യനെ ദൈവം തന്റെ പുത്രന്റെ രക്ഷണ്യസുവി ശേഷം ഭൂലോകമൊക്കെയും അറിയിക്കുവാൻ തിരഞ്ഞെടുത്തു. അതിൽ അഹങ്കരിക്കാതെ താഴ്മയും നന്ദിയും ഉള്ളവരായി ജീവിക്കുവാൻ നമുക്ക് ഇടയാകട്ടെ.

കഷ്ടതയുടെ ഒരു ലിസ്റ്റ് തുടർന്ന് നാം കാണുന്നു. അതിൽ ഒന്നിലും നിരാശപ്പെടാതെ ആത്മിക വിജയം ഉള്ളവരാകുവാൻ പൗലൊസിനും സഹപ്രവർത്തകർക്കും കഴിഞ്ഞു. അത് ക്രിസ്തുവിനായി കഷ്ടം സഹിക്കുന്ന അനുഭവമായിരുന്നു. അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയായി പൗലൊസ് അത് മനസ്സിലാക്കി (ഫിലി. 3:11). ക്രിസ്തുവിനായി ഇന്ന് കഷ്ടം സഹിക്കുന്നവർ അവന്റെ വരവിങ്കൽ അവനോടുകൂടെ തേജസ്കരിക്കപ്പെടും (റോ മർ 8:17). അങ്ങനെ കഷ്ടം സഹിക്കേണ്ടി വന്നെങ്കിലും കൊരിന്ത്യർക്ക് അത് അനുഗ്രഹത്തിനു കാരണമായി (1 കൊരി. 2:1-5). പുതിയനിയമ ശുശ്രൂഷ യുടെ ശ്രേഷ്ഠത നിമിത്തവും കൊരിന്ത്യരെക്കുറിച്ചുള്ള ആത്മഭാരവുമാണ് പൗലൊസിനെ ഇതിന് നിർബന്ധിച്ചത്. തന്റെ ശുശ്രൂഷകളിൽ ദൈവകൃപ വ്യാപരിക്കയും ദൈവനാമം മഹത്വപ്പെ ടുകയും ചെയ്തിരുന്നു. ആ നല്ല ലക്ഷ്യം നമ്മുടെ ശുശ്രൂഷകളിൽ ഉണ്ടായിരിക്കേണ്ടതാണ്.

### കഷ്ടത അനുഗ്രഹത്തിനു കാരണം (4:16-18)

ക്രിസ്തുവിനായി കഷ്ടം സഹിക്കുന്നവർ ധൈര്യഹീനരാകേണ്ട ആവശ്യം ഇല്ല. മനുഷ്യശരീരം ക്ഷയിച്ചു പോകുന്നതാണ്. എന്നാൽ അക ത്തെ മനുഷ്യൻ പുതുക്കം പ്രാപിക്കുന്നു. വീണ്ടും ജനിച്ചവർ ആത്മിക ജീവൻ പ്രാപിച്ചവരാണ്. അത് നിത്യജീവൻ ആകുന്നു. ഇന്ന് നാം സഹിക്കുന്ന കഷ്ടങ്ങൾ നൊടിനേരത്തേക്കുള്ള ലഘു വായ കഷ്ടങ്ങൾ ആണ്. നിത്യതയോടുള്ള ബന്ധത്തിൽ അങ്ങനെ അതിനെ വിശേഷിപ്പിച്ചിരിക്കുന്നു. ഇന്നു സന്തോഷത്തോടെ കഷ്ടം സഹിക്കുന്നവർ ശാശ്വത മഹത്വത്തിന് അവകാശി കൾ ആകും. ഇന്നു കാണുന്ന തെല്ലാം നശിച്ചുപോകും. നിലനിൽക്കുന്നതും തേജസ്സുള്ളതുമായ അനുഗ്രഹങ്ങൾ നാം കർത്താവിന്റെ വരവിങ്കൽ പ്രാപിക്കും. ആ പ്രത്യാശ അവനെ സ്നേഹിക്കുവാനും സേവിക്കുവാനും നമുക്ക് ഉത്തേജനം നൽകണം.

## അദ്ധ്യായം 5

### പുനരുത്ഥാന ശരീരത്തെക്കുറിച്ചുള്ള ഉറപ്പ് (5:1-10)

പൗലൊസ് നിത്യതയെക്കുറിച്ച് ഉറപ്പുള്ളവനായിരുന്നു. യേശുക്രിസ്തു വിന്റെ പുനരുത്ഥാനമാണ് അതിന്റെ അടിസ്ഥാനം (4:14). മനുഷ്യശരീരത്തെ ഒരു കൂടാരത്തോട് ഉപമിച്ചിരിക്കുന്നു. അതു ഭൗമഭവനമാണ്. അഴിഞ്ഞു പോകുന്നതാണ്. നാം മരിക്കുമ്പോൾ അതു സംഭവിക്കുന്നു. എന്നാൽ ക്രിസ്തുവിന്റെ വരവിങ്കൽ നമുക്ക് ഒരു സ്വർഗ്ഗീയ ഭവനം അഥവാ തേജസ്സുള്ള ശരീരം ലഭി ക്കും. അത് നിത്യശരീരം ആയിരിക്കും. മർത്യശരീരത്തിൽ രോഗവും കഷ്ടത കളും ഉണ്ട്. എന്നാൽ നീതിയുടെ അങ്കി ധരിച്ചവരായി ജീവിക്കണം. രക്ഷിക്കപ്പെട്ടവർ വീണ്ടെ ടുക്കപ്പെട്ട ശരീരത്തിനായി കാംക്ഷിച്ചുകൊണ്ട് ഇന്ന് ഞരങ്ങിക്കഴിയുന്നു (റോമർ 8:23). അത് നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ് നൽ കുന്ന ഉറപ്പും സാക്ഷ്യവും ആകുന്നു. ഈ അറിവു പൗലൊസിനെ ധൈര്യത്തോടെ മര ണത്തെ അഭിമുഖീകരിക്കുവാൻ പ്രാപ്തനാക്കി. തനിക്ക് ക്രിസ്തുസാന്നിദ്ധ്യം അധികം സന്തോഷപ്രദമായിരുന്നു. വിശ്വാസികൾ മരിക്കുമ്പോൾ അവരുടെ ആത്മാക്കൾ കർത്താവിന്റെ സന്നിധാനത്തിൽ എത്തി സന്തോഷിക്കും എന്നുള്ള ഉറപ്പു ദൈവവചനം നൽകുന്നു (5:8). അതുകൊണ്ടു നാം ജീവിച്ചാലും മരിച്ചാലും എപ്പോഴും കർത്താ വിനെ പ്രസാദിപ്പി ക്കുന്നവർ ആകണം. നാം നിത്യതയെ മുൻപിൽ കണ്ടുകൊണ്ടു ജീവിക്കുന്ന വർ ആകണം. വിശ്വാസികൾ ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുൻപിൽ നിൽക്കുന്ന ഒരു ദിവസം വരുന്നു. അന്ന് അവർ ശരീ രത്തിൽ ചെയ്ത പ്രവൃത്തികൾ പരിശോധിക്കപ്പെടും. വിശ്വസ്ത സേവനത്തിനു പ്രതിഫലം അന്നാണ് ലഭിക്കുന്ന ത്. രക്ഷിക്കപ്പെട്ടവർ അന്ത്യന്യായവിധിയിൽനിന്നും വിമോചിതരാണ് (റോമർ 8:1). എന്നാൽ അവരുടെ പ്രവൃത്തി കൾക്കു ദൈവമുൻപാകെ കണക്കുബോധിപ്പിക്കേണ്ടിവരും.

### സേവനത്തിനുള്ള ഉത്സാഹം (5:11-15)

കർത്താവിനോടുള്ള ഭയഭക്തി അവനെ സേവിക്കുവാൻ പൗലൊസിനെ പ്രേരിപ്പിച്ചു. ക്രിസ്തുവിന്റെ ന്യായാ സനത്തിങ്കൽ ലജ്ജിപ്പാൻ ഇടവരരുതെന്നുള്ള ലക്ഷ്യബോധത്തോടുകൂടെ താൻ ജീവിച്ചു. 'ദൈവം ഞങ്ങളുടെ ആഗ്രഹം അറിയുന്നു. നിങ്ങളും അത് അറിയണം എന്ന് ആഗ്രഹിക്കുന്നു. ഞങ്ങൾ സ്വയം പ്രശംസിക്കുന്നവരല്ല.' പൗലൊസിനെ വിമർശിക്കുന്നവർക്കു മറുപടി നൽകേണ്ടതിന് അവരെ പ്രാപ്തരാക്കുവാനായിട്ടാണ് തന്റെ ഹൃദ യാവസ്ഥ അവരോട് അറിയിച്ചത്. പൗലൊസിനു സ്വാർത്ഥതാൽപര്യം ഉണ്ടായിരുന്നില്ല. അവൻ ദൈവകല്പന അനുസരിക്കുകയും കൊരിന്തിൽ കർത്താവിനെ സാക്ഷിക്കുകയും ചെയ്തു. ക്രിസ്തുവിന്റെ സ്നേഹം അതിനായി തന്നെ നിർബ്ബന്ധിച്ചു. നമ്മെ സ്നേഹിച്ചു ക്രൂശുമരണം സഹിച്ച ക്രിസ്തു വിനായി ജീവിക്കുവാൻ നാം കടപ്പെട്ട വർ ആകുന്നു. ക്രിസ്തു നമുക്കുവേണ്ടി മരിച്ച് ഉയിർത്തെഴുന്നേറ്റവനായി ജീവിക്കുന്നു. അതുകൊണ്ടു നാം അവ നുവേണ്ടി ജീവിക്കുന്നവർ ആകണം.

### നിരപ്പിന്റെ ശുശ്രൂഷ (5:16-21)

പൗലൊസിനെ കർത്താവു രക്ഷിച്ച ദിവസം മുതൽ അവനെ കുറിച്ചുള്ള പൗലൊസിന്റെ അറിവു വ്യത്യസ്ത മായിരുന്നു. പുനരുത്ഥാനം ചെയ്ത ക്രിസ്തുവിൽ ഒരുവൻ വിശ്വസിക്കുമ്പോൾ അവൻ പുതിയ സൃഷ്ടിയാകുന്നു. അപ്പോൾ തനിക്കു ക്രിസ്തുവിനെക്കുറിച്ച് അതുവരെ ഉണ്ടായിരുന്ന അറി വിനും വ്യത്യാസം വരുന്നു. ക്രിസ്തുവി നോടുള്ള സജീവ ബന്ധമാണ് അതിനു കാരണം (ഗലാ. 6:14,15). അവൻ ദൈവാത്മാവിനാൽ പരിവർത്തനം പ്രാപി ച്ചവനാണ്. ക്രിസ്തുമൂലം ദൈവത്തോടു സമാധാന ബന്ധം ഉള്ളവനായിത്തീർന്നു. പാപിയായ മനുഷ്യൻ ദൈവ ത്തോടു ശത്രുതയിൽ കഴിയുന്നു. ക്രിസ്തുവിന്റെ മരണം മൂലമത്രെ അവർക്ക് ദൈവത്തോടു നിരപ്പുപ്രാപിക്കു വാൻ കഴിയുന്നത് (റോമർ 5:9,10). അവരുടെ ലംഘനങ്ങൾ ദൈവം കണക്കിടുന്നില്ല. പാപങ്ങൾ ഏറ്റുപറയുന്ന വർക്കു പാപക്ഷമയും ശുദ്ധീകരണവും ലഭിക്കുന്നു (1 യോഹ. 1:9). ഈ നിരപ്പിന്റെ ദൂത് അറിയിക്കുവാൻ നമ്മെ ഭരമേൽപ്പിച്ചിരിക്കുന്നു. നാം അതു വിശ്വസ്തതയോടെ ചെയ്യുവാൻ കടപ്പെട്ടവരാണ്.

പൗലൊസ് ക്രിസ്തുവിന്റെ സ്ഥാനപതിയായി അവനെ സേവിച്ചു. സ്ഥാനപതി ചക്രവർത്തിക്കുവേണ്ടി ഭരണ കാര്യങ്ങൾ ചെയ്യുവാൻ നിയമിക്കപ്പെട്ടവനാണ്. അവൻ സ്വന്തനാടിനെ പ്രതിനിധീകരിക്കുന്നു. സ്വന്തരാജ്യത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കണം. അതിന്റെ അന്തസ്സിന് അനുയോജ്യമായി ജീവിക്കയും പ്രവർത്തിക്കയും ചെയ്യ ണം. സുവിശേഷം അറിയിക്കുന്നവർ ദിവ്യനിയോഗം ലഭിച്ചവരായിരിക്കണം. അവർ ക്രിസ്തുവിനെ ജീവിത ത്തിലും പ്രവൃത്തികളിലും പ്രതിഫലിപ്പിക്കണം. പാപികൾ രക്ഷിക്കപ്പെടുവാൻ ദിവ്യക്ഷണം നൽകുന്നവർ ആകണം. അതു

പോലെ തന്നെ നാം മനുഷ്യർക്കുവേണ്ടി ദൈവത്തോട് അപേക്ഷിക്കുന്നവരും ആകണം. ദൈവത്തിനു മാത്രമേ പാപികളെ രക്ഷിക്കുവാൻ കഴിയുകയുള്ളൂ (5:18).

പാപരഹിതനായ ക്രിസ്തു നമ്മുടെ പാപവാഹിയായി. മൂന്നു കണക്കിടലുകളെക്കുറിച്ചു നാം കാണുന്നു. ലോകത്തിന്റെ പാപം ക്രിസ്തുവിന്റെ മേൽ കണക്കിട്ടു (യോഹ. 1:29; 1 പത്രൊ. 1:19). ദൈവം ലോകത്തിന്റെ ലംഘന ങ്ങളെ കണക്കിടുന്നില്ല (5:19; സങ്കീ. 32:1,2). മൂന്നാമതായി ക്രിസ്തുവിന്റെ നീതി നമ്മുടെ മേൽ കണക്കിടുന്നു (റോമർ 5:1). നീതീകരണംകൊണ്ടുള്ള ആശയം അതത്രെ (റോമർ 3:24,25). ഇതിനൊക്കെയും കാരണഭൂതൻ ദൈവമാകുന്നു. അതു ലോകത്തെ അറിയിക്കുവാൻ നാം പദവിയും ഉത്തരവാദിത്വവും ഉള്ളവരാകുന്നു. കർത്താവ് നമ്മെ സഹായിക്കട്ടെ.

## അദ്ധ്യായം 6

### പൗലൊസിന്റെ ശുശ്രൂഷയുടെ അടയാളങ്ങൾ (6:1-10)

കൊരിന്ത്യർ ദൈവകൃപ ലഭിച്ചവരാണ്. അവർ വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു (5:21). അത് ഉപദേശപരമായി മാത്രം ഇരുന്നാൽ പ്രയോജനം ഉള്ളതല്ല. പ്രായോഗിക ജീവിതത്തിൽ അതു പ്രതിഫലിപ്പിക്കണം എന്ന് അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നു. അത് അറിയിക്കുന്നതിൽ അവർ ദൈവത്തിന്റെ കൂട്ടുവേലക്കാരാകുന്നു (1 കൊരി. 3:9). ദൈവത്തോടു നിരപ്പുപ്രാപിക്കാനുള്ള സമയം ഇപ്പോഴാകുന്നു. ഇതു കൃപായുഗത്തെ കാണിക്കുന്നു. ഇപ്പോൾ യഹോവയുടെ പ്രസാദ വർഷങ്ങൾ ആണ്. ദൈവത്തിന്റെ പ്രതികാര ദിവസം വരുന്നു. അന്ന് ആർക്കും രക്ഷിക്കപ്പെടുവാൻ കഴിയുന്നതല്ല (ലൂക്കൊ. 4:17-19). പൗലൊസ് തന്റെ ശുശ്രൂഷയ്ക്ക് ആക്ഷേപം വരാതിരിക്കുവാൻ മാതൃകയുള്ള ജീവിതം നയിച്ചു. ക്രിസ്തുവിന്റെ സ്ഥാനപതികൾ ഇടർച്ചയ്ക്കു കാരണമാകരുത്. സാക്ഷ്യമില്ലാത്ത ജീവിതം സുവിശേഷ ദൂതിനും ആക്ഷേപം വരുവാൻ കാരണമാകും. അതുകൊണ്ടു ബഹുകഷ്ടം സഹിച്ചുകൊണ്ടു മാതൃകയുള്ള ശുശ്രൂഷ ചെയ്യുവാൻ പൗലൊസു തയ്യാറായിരുന്നു. ഭക്തി പ്രസംഗപീഠത്തിൽ മാത്രമെന്നു വരുന്നത് അപഹാസ്യമാണ്. പൗലൊസു ദൈവത്തിന്റെ ദാസനാണെന്നു തെളിയിക്കുവാൻ ബഹുകഷ്ടങ്ങൾ സഹിഷ്ണുതയോടെ സഹിച്ചു. കഷ്ടതയിൽ സമചിത്തതയോടെ ജീവിക്കുന്ന മനസ്സാന്നിദ്ധ്യമാണ് സഹിഷ്ണുത. അതു കഷ്ടതകളെ അനുഗ്രഹമായി രൂപാന്തരപ്പെടുത്തുന്ന ദിവ്യശക്തിയാണ്.

പൗലൊസു സഹിച്ച കഷ്ടതയുടെ നീണ്ട പട്ടിക തുടർന്ന് നാം കാണുന്നു. ഈ കഠിന ശോധനകളിൽ അടിപതറാതെ നിൽക്കുവാൻ കർത്താവ് തന്നെ സഹായിച്ചു. കഷ്ടത, ഒരുവൻ കൊല്ലപ്പെടുമ്പോൾ അനുഭവിക്കുന്ന വ്യഥയെ കാണിക്കുന്നു. സുവിശേഷത്തിനായി ബുദ്ധിമുട്ട്, സങ്കടം, കഷ്ടം, തല്ല്, തടവ്, കലഹം, ചമ്മട്ടിക്കൊണ്ടുള്ള അടി ഇവകൾ താൻ സഹിച്ചു. തന്റെ ശുശ്രൂഷ നിവർത്തിക്കുവാൻ അദ്ധ്വാനം, ഉറക്കമിളപ്പ്, പട്ടിണി എന്നിവ സഹിച്ചു. പകൽ കൂടാരപ്പണിയും രാത്രിയിൽ സുവിശേഷഘോഷ ണവും ചെയ്തു. സകല ശക്തിയും ഉപയോഗിച്ചു തളർന്നുവീഴുന്നതുവരെ കർത്താവിനായി പ്രവർത്തിച്ചു. ആഹാരം ലഭിക്കാഞ്ഞതിനാൽ പട്ടിണി കിടന്നു. താൻ ദൈവമുമ്പാകെ ഉദ്ദേശശുദ്ധിയുള്ളവനും പരിഹാസം സഹിച്ചവനും നിസ്വാർത്ഥ സ്നേഹമുള്ളവനുമായി കൊരിന്ത്യരുടെ ഇടയിൽ പ്രവർ ത്തിച്ചു. താൻ പ്രസംഗിച്ചത് സത്യവചനമായിരുന്നു. അത് ദൈവശക്തിയിൽ ചെയ്ത ശുശ്രൂഷകൾ ആണ്. ശത്രുവിന്റെ ആക്രമണങ്ങളെ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ട് നേരിട്ടു (എഫെ. 6:11). താൻ കള്ളയപ്പൊസ്തലൻ എന്നു മുദ്രകുത്തി ചിലർ തന്നെ അപമാനിച്ചു. ചിലർ താൻ ചതിയ നാണെന്നു പറഞ്ഞു. ഇതിന്റെ മദ്ധ്യത്തിൽ പൗലൊസ് ദൈവത്തിന്റെ സത്യവചനത്തിനു സാക്ഷിയായി തന്റെ ലക്ഷ്യത്തിലേക്ക് മുന്നേറി. ലോകത്തിൽ താൻ അറിയപ്പെട്ടില്ല. എന്നാൽ വിശുദ്ധന്മാർക്ക് പൗലൊസ് സുപരിചിതൻ ആയിരുന്നു. താൻ മരണത്തെ മുൻകണ്ടുകൊണ്ട് ശുശ്രൂഷ തുടർന്നു. അപകടം തന്റെ സന്തതസഹചാരിയായിരുന്നു. ഏത് മനുഷ്യനേയും തളർത്തിക്കളയുന്നതായിരുന്നു തന്റെ അനുഭവങ്ങൾ. എന്നാൽ തന്നിൽ ക്രിസ്തുവിന്റെ അത്യന്തശക്തി വ്യാപരിച്ചിരുന്നതുകൊണ്ട് ദൈവത്തിന്റെ മാനപാത്രമായി ഉത്സാഹത്തോടെ ശുശ്രൂഷകൾ തുടരുവാൻ തനിക്കു സാധിച്ചു. നിരുത്സാഹജനകമായ ഈ സാഹചര്യങ്ങളിൽ ദുഃഖിക്കുന്നവനായി കഴിയേണ്ടി വന്നെങ്കിലും തന്റെ സന്തോഷത്തിന് ഒരു കുറവും ദൈവം വരുത്തിയില്ല. മുറിവുകളിൽനിന്നും രക്തമൊഴുകികൊണ്ട് കാരാഗൃഹത്തിൽ കാലുകൾ ആമത്തിൽ ഇടപ്പെട്ടവനായി കഴിയുമ്പോഴും ദൈവത്തെ പാടി സ്തുതിക്കുന്ന അനുഭവം പൗലൊസിനുണ്ടായിരുന്നു (പ്രവൃ. 16:25). കർത്താവിൽ എപ്പോഴും സന്തോഷിക്കുവാൻ തനിക്കു കഴിഞ്ഞു (ഫിലി. 4:4). തനിക്ക് ലാഭമായിരുന്ന തെല്ലാം ക്രിസ്തു നിമിത്തം ചേതം എന്ന് എണ്ണി. പൗലൊസ് ക്രിസ്തുവിൽ സമ്പന്നനായിരുന്നു. അവൻ ക്രിസ്തുവിന്റെ അപ്രമേയ ധനത്തെക്കുറിച്ച് പ്രസംഗിച്ചു. തന്നേക്കാൾ കൂടുതലായി ജാതികൾക്ക് ആത്മീയ സമ്പത്ത് വരുത്തിയ മറ്റൊരാൾ സഭാചരിത്രത്തിലില്ല. പൗലൊസിന് ലൗകിക സമ്പത്തൊന്നും ഇല്ലായിരുന്നെങ്കിലും ദൈവവിഷയത്തിൽ സമ്പന്നനാകയാൽ ഈ ലോകത്തിലും വരുവാനുള്ളതിലും എല്ലാം ഉള്ളവനെന്ന് അഭിമാനിച്ചിരുന്നു (ലൂക്കൊ. 12:21). നമുക്കും ആ നല്ല മാതൃക അനുകരിക്കാം.

### വേർപാടിനായുള്ള ആഹ്വാനം (6:11-17)

പൗലൊസ് കൊരിന്ത്യരോടുള്ള സഹോദരസ്നേഹം വ്യക്തമാക്കിയി രുന്നു. ചിലർ ആരോപിക്കുന്നതുപോലെ തനിക്ക് അവരോട് യാതൊരു സ്നേഹക്കുറവും ഇല്ല. അവരുടെ ആത്മിക പിതാവ് എന്നുള്ള നിലയ്ക്ക് പൗലൊ

സിന് അവരെ സ്നേഹിക്കാതിരിക്കുവാൻ കഴിയുന്നതല്ല. കൊരി ന്ത്യർക്കും തന്നോട് ആ സ്നേഹം ഉണ്ടാകണം എന്ന് താൻ ആഗ്രഹിക്കുന്നു.

കൊരിന്ത്യർ അവിശ്വാസികളോട് സംസർഗ്ഗം ഉള്ളവർ ആകരുതെന്ന് പ്രബോധിപ്പിക്കുന്നു. അതു വിവാഹബന്ധത്തിൽ മാത്രമല്ല എല്ലാ ബന്ധങ്ങളിലും ശ്രദ്ധിക്കേണ്ട ഒന്നാണ്. അല്ലാത്തപക്ഷം അത് പാപപരിചയങ്ങൾക്ക് നമ്മെ സ്വാധീനിക്കയും നമ്മുടെ ക്രിസ്തീയ സാക്ഷ്യം നഷ്ടപ്പെടുവാൻ കാരണമാകയും ചെയ്യും. നീതിയും അനീതിയും തമ്മിൽ പൊരുത്തപ്പെടുക യില്ല. സുവിശേഷം വിശ്വസിച്ചപ്പോൾ കൊരിന്ത്യർ ആത്മിക വെളിച്ചം ഉള്ളവരായി. അവർ പിന്നെയും ഇരുട്ടിൽ ആകാതിരിപ്പാൻ ശ്രദ്ധിക്കണം എന്ന് ഉപദേശിക്കുന്നു. ക്രിസ്തുവിനും ബെലീയാലിനും തമ്മിൽ എന്ത് പൊരുത്തം? ബെലീയാൽ എന്നതു സാത്താന്റെ മറ്റൊരു പേരാകുന്നു. ക്രിസ്തു സാത്താന്റെ മേൽ ക്രൂശിൽ വിജയം പ്രാപിച്ചു. സാത്താന്യ അടിമത്തത്തിൽ കഴിയുന്നവരെ സുവിശേഷം സ്വതന്ത്രരാക്കുന്നു. പിന്നെ സാത്താന്റെ സ്വാധീനവലയത്തിൽ എങ്ങനെ വിശ്വാസി സ്വയം സമർപ്പിക്കും? വിശ്വാസികൾ ക്രിസ്തുവിൽ സ്വർഗ്ഗീയ ഓഹരി ലഭിച്ചവരും ഭാഗ്യകരമായ പ്രത്യാശ ഉള്ളവരുമാണ്. അവിശ്വാസികൾ നിത്യനരകത്തിനായി വിധിക്കപ്പെട്ടവരാകുന്നു. അതുകൊണ്ട് അവർ തമ്മിൽ ബന്ധപ്പെടുവാൻ ഇടയാകരുത്. അവിശ്വാസികൾ വിഗ്രഹാരാധികൾ ആണ്. ദൈവമക്കൾ സത്യദൈവത്തെ ആരാധിക്കുന്നവരും ദൈവത്തിന്റെ മന്ദിരവും ആണ്.

ദൈവം തന്റെ ജനത്തിന്റെ മദ്ധ്യേ വസിക്കുവാൻ ആഗ്രഹമുള്ളവനാണ്. യിസ്രായേൽ ദൈവത്തിന്റെ ജനമായിരുന്നു. ദൈവം അവരുടെ മദ്ധ്യത്തിൽ വസിക്കുവാൻ ആഗ്രഹിച്ചു (പുറ. 25:8). ക്രിസ്തു ഇന്ന് സഭയിൽ വസിക്കുന്നു (1 കൊരി. 3:16). വിശ്വാസികൾ അവന്റെ മന്ദിരമാണ് (1 കൊരി. 6:19). അതുകൊണ്ട് അവിശ്വാസികളുമായുള്ള ബന്ധത്തിൽ പെട്ടുപോയവർക്കുള്ള ആഹ്വാനമാണ് ഇവിടെ കാണുന്നത്. അവരുടെ നടുവിൽനിന്നും വേർപ്പെട്ടിരിക്കുവിൻ. അപ്പോൾ മാത്രമേ നാം ദൈവസാന്നിധ്യത്തിന്റെ അനുഗ്രഹം ഉള്ളവർ ആകയുള്ളൂ. ദൈവം സ്ഥാപിച്ച നിരപ്പിന്റെ അനുഭവക്കാരാകുവാൻ വേർപാടിന്റെ അനുഭവം ആവശ്യമാകുന്നു. കർത്താവ് അതിന് നമ്മെ ഏവരേയും സഹായിക്കട്ടെ.

**അദ്ധ്യായം 7**

## വിശുദ്ധ ജീവിതത്തിനുള്ള ആഹ്വാനം (7:1-4)

കൊരിന്ത്യർ ദൈവത്തോടു നിരപ്പു പ്രാപിച്ചവരാണ്. അവർ ദൈവമുൻ പാകെ നീതീകരിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുമൂലം ലഭിച്ച അനുഗ്രഹങ്ങൾ ആണ് ഇവ. അതുകൊണ്ട് പ്രായോഗിക ജീവിതം വിശുദ്ധി ഉള്ളതായിരിക്കണം എന്ന് അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നു. അവർ വിശ്വാസികളോട് കൂട്ടായ്മയുള്ളവരാകണം. പൗലൊസ് തന്റെ ശുശ്രൂഷ ഏതുവിധമായിരുന്നു എന്ന് പിന്നെയും വ്യക്തമാക്കുന്നു. അത് പരമാർത്ഥതയോടും സ്നേഹത്തോടും നിർവ്വഹിച്ചു എന്ന് പ്രസ്താവിക്കുന്നു. പൗലൊസ് കൊരിന്ത്യരെ ഇവിടെ കുറ്റംവിധിക്കുന്നില്ല. അവരോടുള്ള തന്റെ സ്നേഹം നിർവ്യാജമായിരുന്നു. തീത്തൊസിൽനിന്നും കൊരിന്ത്യർക്കുണ്ടായ വ്യത്യാസം അറിയുവാൻ ഇടയായതിനാൽ പൗലൊസ് സന്തോഷിക്കുന്നു. അവരെക്കുറിച്ച് പ്രശംസിക്കയും ആശ്വസിക്കയും ചെയ്യുന്നു.

## തീത്തൊസിന്റെ വരവിനാലുണ്ടായ ആശ്വാസം (7:5-16)

കൊരിന്ത്യരെക്കുറിച്ചുള്ള വിവരം തീത്തൊസിൽനിന്നും അറിയുവാൻ വൈകിയതുകൊണ്ടു പൗലൊസു മനസ്സിൽ വളരെ അസ്വസ്ഥനായി തീർന്നു (2:13). അങ്ങനെ മക്കെദോന്യയിൽ കഴിയുമ്പോൾ തീത്തൊസിൽനിന്നും അവരുടെ പശ്ചാത്താപത്തെക്കുറിച്ചും പൗലൊസിനോടുള്ള സ്നേഹത്തെക്കുറിച്ചും അറിയുവാൻ ഇടയായി. തൽഫലമായി ദൈവിക ആശ്വാസവും സന്തോഷവും അനുഭവിക്കുവാൻ പൗലൊസിനു കഴിഞ്ഞു. തന്റെ ലേഖനം അവരെ ദുഃഖിപ്പിച്ചു എങ്കിലും അത് അവർക്ക് അനുതാപം ഉളവാകുവാൻ ഇടയാക്കിയതുമൂലം പൗലൊസു സന്തോഷിക്കുന്നു. അതു ദൈവഹിത പ്രകാരമുള്ള ദുഃഖമായിരുന്നു. ആ ദുഃഖം അവരുടെ നന്മയ്ക്കായിരുന്നു. അത് അവരുടെ മാനസാന്തരത്തിനു കാരണമായി.

ദൈവഹിതപ്രകാരമുള്ള ദുഃഖം അനുതാപത്തെ ഉളവാക്കുന്നു. ലോകം തരുന്ന ദുഃഖം മരണം സൃഷ്ടിക്കുന്നു. അത് അനുതാപത്തിലേക്ക് ആരെയും നയിക്കുന്നില്ല. ദൈവഹിതപ്രകാരമുള്ള ദുഃഖം കൊരിന്ത്യരിൽ മാറ്റം ഉളവാക്കി. അവർ പൗലൊസിന്റെ ലേഖനത്തോടു ശരിയായി പ്രതികരിച്ചു. തെറ്റുചെയ്തവനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ അവർ ഉടനെ അനുസരിച്ചു. വിശുദ്ധ ജീവിത ത്തിനുള്ള ഉത്സാഹവും അവർക്കുണ്ടായി. അങ്ങനെ അവർ നിർമ്മലന്മാർ എന്നു തെളിയിച്ചു. പൗലൊസ് ആഗ്രഹിച്ചതുപോലെ എല്ലാം ശുഭമായി അവസാനിച്ചതിനാൽ തീത്തൊസിനോടു ചേർന്നു താനും അധികമായി സന്തോ ഷിച്ചു. ദൈവവചനം അനുസരിക്കുന്നതു വിശ്വാസികൾക്ക് എന്നും സന്തോഷം ഉളവാക്കും.

പൗലൊസു കൊരിന്ത്യരെക്കുറിച്ചു പ്രശംസിക്കുന്നവനായിരുന്നു. അതു തീത്തൊസിനോടു പറഞ്ഞിരുന്നു. തീത്തൊസിന് അതു ബോധ്യമായി. തീത്തൊസ് അപ്പൊസ്തലൻ ആയിരുന്നില്ലെങ്കിലും കൊരിന്ത്യർ അവനെ ബഹുമാനപുരസരം സ്വീകരിക്കുകയും അവൻ നൽകിയ നിർദ്ദേശങ്ങൾ അനുസരിക്കുകയും ചെയ്തു. ഈ വസ്തുതകൾ അറിയുന്ന പൗലൊസിനു കൊരിന്ത്യരിൽ ഉറച്ച വിശ്വാസം ഉണ്ടായി. തന്റെ സംശയവും ആകാംക്ഷയും മാറി ഇപ്പോൾ സന്തോഷിക്കുന്നു. മാത്രമല്ല കൊരിന്ത്യരെ എത്രയും വേഗം സന്ദർശിക്കുവാൻ താൻ ആഗ്രഹിക്കുന്നു.

## അദ്ധ്യായം 8

### മക്കെദോന്യസഭയുടെ ഔദാര്യം (8:1-15)

യെരൂശലേമിലെ ദാരിദ്ര്യം അനുഭവിക്കുന്ന വിശുദ്ധന്മാർക്കുവേണ്ടിയുള്ള ധനശേഖരത്തെ സംബന്ധിച്ചു 1 കൊരി. 16-ാം അദ്ധ്യായത്തിൽ പൗലൊസ് അപേക്ഷിച്ചിരുന്നു. പൗലൊസിന്റെ സന്ദർശനത്തിനു നേരിട്ട താമസം കൊരിന്ത്യർക്കു ധർമ്മശേഖരം ചെയ്യുവാൻ സമയം നൽകി. അവർ അതു ചെയ്യും എന്നുള്ള ഉറപ്പ് പൗലൊസിനു ണ്ടായിരുന്നു.

മക്കെദോന്യസഭകൾക്കു കഷ്ടതകളുടെ മദ്ധ്യത്തിലും ഔദാര്യം കാണിക്കുവാൻ ദൈവകൃപ ലഭിച്ച വിവരം കൊരിന്ത്യരെ അറിയിക്കുന്നു. അവരുടെ ദാരിദ്ര്യത്തിലും കർത്താവിനു കൊടുക്കുവാൻ അവർ സന്തോഷമുള്ളവർ ആയിരുന്നു. അതിന് ദൈവകൃപ അവരിൽ വ്യാപരിച്ചു. അവരുടെ കൊടുക്കുവാനുള്ള മനസ്സ് പൗലൊസിന് അതി ശയം ഉളവാക്കി. ആ മാതൃക കൊരിന്ത്യർ അനുകരിക്കണം എന്ന് അപ്പൊസ്തലൻ ആഗ്രഹിക്കുന്നു.

യെരൂശലേമിലെ വിശുദ്ധന്മാരെ സഹായിക്കുവാനുള്ള ആഗ്രഹം മക്കെദോന്യസഭകൾക്കുണ്ടായിരുന്നു. അത് അപ്പൊസ്തലന്മാരെ അവർ അറി യിച്ചു. ആ ദാനം പ്രാപ്തിപോലെയും പ്രാപ്തിക്കുമീതെയും സ്വമേധയാ നൽകി യതായിരുന്നു. അവർ തങ്ങളെത്തന്നെ മുമ്പേ കർത്താവിന് സമർപ്പിച്ചതാണ് ഔദാര്യം ചെയ്യുവാൻ അവരെ പ്രേരി പ്പിച്ചത്. തീത്തൊസ് അവരോട് ഈ ഔദാര്യത്തെക്കുറിച്ച് പറകയും അവർ അത് ആരംഭിക്കയും ചെയ്തു. അത് എത്രയും വേഗം പൂർത്തീകരിക്കണമെന്ന് കൊരിന്ത്യരോട് ആവശ്യപ്പെടുന്നു.

കൊരിന്ത്യർ വിശ്വാസം, വചനം, പരിജ്ഞാനം, ജാഗ്രത, സ്നേഹം എന്നീ ആത്മിക ഗുണവിശേഷം ഉള്ളവ രായിരുന്നു. അവർ ഒരു കൃപാവര ത്തിലും കുറവില്ലാത്തവരായിരുന്നു. അതുകൊണ്ട് കൊടുക്കുന്ന കൃപാവര ത്തിലും സമൃദ്ധി ഉള്ളവർ ആകുവാൻ അവരെ അപ്പൊസ്തലൻ ഓർപ്പിക്കുന്നു. വിശ്വാസികളോടു നിർബന്ധിച്ച് കൊടുക്കുവാൻ താൻ അപേക്ഷിക്കുന്നില്ല. അവർക്ക് കർത്താവിനോടുള്ള സ്നേഹവും മക്കെദോന്യസഭയുടെ മാതൃ കയും അതിന് പ്രേരണ നൽകണം എന്ന് പൗലൊസ് ആഗ്രഹിക്കുന്നു. സ്നേഹിക്കാതെ കൊടുക്കുവാൻ കഴിയും. എന്നാൽ കൊടുക്കാതെ സ്നേഹിക്കുവാൻ കഴിയുന്നതല്ല (യോഹ. 3:16). സമ്പന്നനായിരുന്ന ക്രിസ്തു ദരിദ്രരായ മനുഷ്യവർഗ്ഗത്തെ സമ്പന്നരാക്കുവാൻ ദരിദ്രനായ ദൈവകൃപയെക്കുറിച്ച് കൊരിന്ത്യരെ ഇവിടെ ഓർപ്പിക്കുന്നു. ക്രിസ്തുവിന്റെ ത്യാഗമാണ് ക്രിസ്തീയ ദാനത്തിനു പ്രചോദനം നൽകേണ്ടത്. ഒരു വർഷം മുമ്പ് കൊരിന്ത്യർ ഈ ഔദാര്യം പ്രതിജ്ഞ ചെയ്തവരാണ് (9:2). അത് നിവർത്തിക്കണം എന്ന് അപ്പൊസ്തലൻ ഓർപ്പിക്കുന്നു. വിശ്വാ സികൾ അവരുടെ പ്രാപ്തിക്ക് അനുസരണമായി കൊടുക്കുന്നതിൽ ദൈവം പ്രസാദിക്കുന്നു. മനസ്സോടെ കൊടു ക്കുന്നതിൽ ദൈവം പ്രസാദിക്കുന്നു. സമൃദ്ധിയുള്ളവർ ദാരിദ്ര്യമനുഭവിക്കുന്നവരെ സഹായിക്കണം. നാം പരസ്പരം സഹായിക്കുന്നവർ ആകണം. ദൈവജനം സമത്വമനോഭാവം ഉള്ളവർ ആയിരിക്കണം. അത് വ്യക്തമാക്കുവാൻ മന്ന ശേഖരിക്കുന്നതിനെപ്പറ്റി പ്രസ്താവിച്ചിരിക്കുന്നു.

### ഔദാര്യശുശ്രൂഷയിൽ വിശ്വസ്തത പാലിക്കുക (8:16-24)

സഭയുടെ സാമ്പത്തിക കാര്യങ്ങളിൽ ഇടപെടുന്നവർ വിശ്വസ്തരായിരിക്കണം. യെരൂശലേം സഭയ്ക്കുള്ള ധനശേഖരത്തിന് ഉത്തേജനം നൽകു വാൻ തീത്തൊസ് വീണ്ടും കൊരിന്തിലേക്ക് പോകുവാൻ മനസ്സുള്ളവനായി. പൗലൊസ് അതിൽ സന്തോഷിക്കയും ദൈവത്തെ സ്തുതിക്കയും ചെയ്യുന്നു. കർത്തൃശുശ്രൂഷയ്ക്കായി ജീവിതം സമർപ്പിക്കുന്നവരെ ഓർത്തു നാം സന്തോഷിക്കയും ദൈവത്തെ സ്തുതിക്കയും ചെയ്യുവാൻ നമുക്കും ഇടയാക ട്ടെ. തീത്തൊസ് സ്വമേധയായി കൊരിന്തിലേക്ക് പോകുവാൻ ആഗ്രഹിച്ചു എന്നുള്ളതും ശ്രദ്ധേയമത്രെ. മറ്റുള്ളവ രുടെ നിർബന്ധത്താൽ കർത്തൃശുശ്രൂഷ ചെയ്താൽ പരാജയപ്പെടുവാനാണ് കൂടുതൽ സാധ്യത. സുവിശേഷ ഘോഷണത്തിൽ പ്രസിദ്ധനായ ഒരു സഹോദരനെ തീത്തൊസിനോടുകൂടെ കൊരിന്തിലേക്ക് അയച്ചിരുന്നു. അവൻ സഭയാൽ തിരഞ്ഞെടുക്കപ്പെട്ടവനായിരുന്നു. ധർമ്മശേഖരകാര്യങ്ങളിൽ അപവാദം ഉണ്ടാകാതിരിക്കാനും ദൈവ നാമം മഹത്വപ്പെടുവാനുമാണ് അങ്ങനെ ചെയ്തത്. സാമ്പത്തിക കാര്യങ്ങളിൽ നാം ദൈവദൃഷ്ടിയിലും മനുഷ്യ മുൻപാകെയും സാക്ഷ്യമുള്ളവർ ആയിരിക്കണം. തീത്തൊസിനോടുകൂടെ സാക്ഷ്യമുള്ള മറ്റൊരു സഹോദരനെയും അയച്ചിരുന്നു. സാക്ഷ്യവും ഉത്സാഹവുമുള്ളവരെ കർത്തൃശുശ്രൂഷയിൽ പ്രയോജനപ്പെടുത്തുവാൻ പൗലൊസ് താല്പര്യം ഉള്ളവനായിരുന്നു. കൂട്ടുപ്രവർത്തകരെ സഹോദരന്മാരും ദൈവമഹത്വത്തിന് അദ്ധ്വാനിക്കുന്നവരുമായി താൻ കണ്ടു. അവരെ സഭയ്ക്കു പരിചയപ്പെടുത്തുവാനും പ്രോത്സാഹിപ്പിക്കുവാനും പൗലൊസിന് കഴിഞ്ഞിരു ന്നു. തീത്തൊസിനോടും കൂട്ടുസഹോദരന്മാരോടും കൊരിന്ത്യരെക്കുറിച്ച് പൗലൊസ് പ്രശംസിച്ചിരുന്നു. അത് തെളി യിക്കാനുള്ള അവസരം അവർക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്നു എന്ന് അവരെ ഓർപ്പിക്കുന്നു. സഭയുടെ സാമ്പത്തിക കാര്യങ്ങളിൽ വിശ്വസ്തരാകുവാനുള്ള ഉപദേശം ഇവിടെ നാം കാണുന്നു.

## അദ്ധ്യായം 9

### തയ്യാറാകുവാനുള്ള പ്രബോധനം (9:1-5)

കൊരിന്തിലെ സഭയുടെ ഉദാരമനോഭാവത്തെക്കുറിച്ച് പൗലൊസിന് ഉറപ്പുണ്ടായിരുന്നു. തനിക്ക് അവസരം ലഭിച്ചപ്പോഴൊക്കെയും അവരെ പ്രശംസിച്ചുപറഞ്ഞു. ഒരു വർഷമായി അവർ യെരൂശലേമിലുള്ള വിശുദ്ധന്മാരെ സഹായിക്കാൻ ഒരുങ്ങിയിരിക്കുന്നു എന്നു മക്കെദോന്യസഭകളോട് പറഞ്ഞിരുന്നു. ദൈവജനത്തിന്റെ ഗുണങ്ങൾ കണ്ട് സന്തോഷിക്കുവാനും അത് സാക്ഷിക്കുവാനും പൗലൊസ് താല്പര്യപ്പെട്ടു. എന്നാൽ കൊരിന്ത്യർ വാഗ്ദാനം ചെയ്ത ധനശേഖരം താമസിക്കുമോ എന്ന് താൻ ഭയപ്പെടുന്നു. താൻ അവിടെ മക്കെദോന്യരുടെ സഹായവുമായി വരുമ്പോൾ അവരുടെ ധനശേഖരം പൂർത്തിയാകാതിരുന്നാൽ താൻ ലജ്ജിതനാകും എന്ന് ശങ്കിക്കുന്നു. അതു കൊണ്ട് തീത്തൊസിനെയും മറ്റു സഹോദരന്മാരെയും അങ്ങോട്ട് അയച്ചത് അവരുടെ ധനശേഖരം സ്വമേധയായും ധാരാളമായും നടക്കുവാൻ പ്രേരണ നൽകേണ്ടതിനായിരുന്നു എന്ന് കൊരിന്ത്യരെ ഓർമ്മപ്പെടുത്തുന്നു.

### ഔദാര്യദാനത്തിന്റെ പ്രമാണങ്ങൾ (9:6-15)

കർത്താവിന് കൊടുക്കുന്ന കാര്യത്തിൽ കൊരിന്ത്യർ അറിഞ്ഞിരി ക്കേണ്ട പ്രമാണങ്ങളും അതുമൂലം ഉണ്ടാകുന്ന അനുഗ്രഹങ്ങളും അപ്പൊസ്തലൻ ഇവിടെ വ്യക്തമാക്കുന്നു. ഔദാര്യകാര്യത്തിൽ ദൈവജനം ഉത്സാഹമില്ലാതിരിക്കുവാനുള്ള ഒരു കാരണം അതിനെക്കുറിച്ചുള്ള അജ്ഞത യാണ്. കൊരിന്ത്യർ ഔദാര്യമനസ്സുള്ളവർ ആകണം എന്നു പൗലൊസ് ആഗ്രഹിച്ചു. അതിനെ വിതയോടും കൊയ്ത്തിനോടും ഒന്നാമതായി ഉപമിക്കുന്നു (6-10). ലോഭമായി വിതയ്ക്കുന്നവൻ ലോഭമായി കൊയ്യുമെന്നത് പ്രകൃതിയുടെ നിയമമാണ്. സമൃദ്ധിയായ വിത സമൃദ്ധിയായ ഫലം നൽകും. നന്മ വിത ച്ചാൽ നന്മ കൊയ്യും. അതുപോലെ തിന്മ വിതയ്ക്കുന്നവർ തിന്മ കൊയ്യും (ഗലാ. 6:7).

കൊടുക്കുന്ന അളവിനേക്കാൾ എന്ത് മനോഭാവത്തോടെ കൊടുക്കുന്നു എന്നതിനാണ് പ്രാധാന്യം. ഹൃദയം തുറന്നുകൊടുക്കണം. വൈമനസ്യ ത്തോടെ കൊടുക്കരുത്. നിർബന്ധം മൂലവും കൊടുക്കരുത്. പ്രത്യുത നാം സന്തോഷത്തോടെ കൊടുക്കുന്നവർ ആകണം (പുറ. 25:2). സന്തോഷ ത്തോടെ കൊടുക്കുന്നവരെ കർത്താവ് സ്നേഹിക്കുന്നു (ലൂക്കൊ. 21:3). സമൃദ്ധിയായി കൊടുക്കുവാൻ മടിക്കരുത്. ദൈവം വിശ്വസ്തനും മതിയായവനും ആണ്. അവൻ മനസ്സുള്ളവർക്ക് കൊടുക്കുവാനുള്ള കൃപയും വകയും നൽകുവാൻ കഴിവുള്ളവനാകുന്നു. മുട്ടുള്ളവരെ സഹായിക്കുന്നവരാണ് നീതിമാന്മാർ. ദൈവം നീതിമാനാണെന്നുള്ളതിന്റെ തെളിവാണത്. മറ്റുള്ളവരെ സഹായിക്കുന്നവർ അഭിവൃദ്ധി പ്രാപിക്കും. കൊരിന്ത്യരെ ദൈവം അതിന് സഹായിക്കുമെന്നും അതുമൂലം ദൈവത്തിനു സ്തോത്രം അർപ്പിക്കു വാൻ ഇടയാകുമെന്നും അപ്പൊസ്തലന് ഉറപ്പുണ്ടായിരുന്നു. സുവിശേഷം കേട്ടു രക്ഷിക്കപ്പെട്ട ജാതികൾ യെരൂശലേമിലെ വിശ്വാസികളെ സഹായിച്ചു. ഒരിക്കൽ യെരൂശലേമിലുള്ള യെഹൂദന്മാർക്ക് ജാതികൾ അറയ്ക്കപ്പെട്ടവരായിരുന്നു. എന്നാൽ സുവിശേഷം യെഹൂദനേയും ജാതിയേയും ഒന്നാക്കി. ജാതികളുടെ സഹായം സ്വീകരിച്ച യെരൂശലേമിലുള്ള വിശുദ്ധന്മാർ ദൈവ ത്തെ മഹത്വപ്പെടുത്തി. കൊരിന്ത്യരെ ദൈവത്തിനു കൊടുക്കുവാൻ പ്രേരിപ്പിച്ചത് തന്റെ കൃപയാണ്. ആ കൃപ അവരുടെ മേൽ വർദ്ധിച്ചുവരുവാൻ അപ്പൊസ്തലൻ ആഗ്രഹിച്ച് പ്രാർത്ഥിക്കുന്നു. യെരൂശലേമിലുള്ള വിശുദ്ധന്മാരും അവരെ കാണുവാനുള്ള ആഗ്രഹത്തോടെ അവർക്കുവേണ്ടി പ്രാർത്ഥി ക്കുന്നു. ഇതിനൊക്കെയും കാരണഭൂതനായ ദൈവത്തിന്റെ പറഞ്ഞുതീരാത്ത ദാനമായ ക്രിസ്തു നിമിത്തം പൗലൊസ് ദൈവത്തിനു സ്തോത്രം ചെയ്യുന്നു. ദൈവത്തിന്റെ ഏറ്റവും വലിയ ദാനം തന്റെ ഏകജാതനായ പുത്രനാണ് (യോഹ. 3:16). അവനെ വിശ്വാസത്താൽ സ്വന്തരക്ഷിതാവായി സ്വീകരിച്ച് അവന്റെ മാതൃക പിൻചെല്ലുവാൻ കർത്താവു സഹായിക്കട്ടെ (1 പത്രൊ. 2:21).

## അദ്ധ്യായം 10

### പൗലൊസിന്റെ അപ്പൊസ്തലിക അധികാരം (10:1-6)

ഈ ലേഖനത്തിലെ ആദ്യ ഒൻപതദ്ധ്യായങ്ങൾ പൗലൊസിനെ സ്നേ ഹിക്കയും ബഹുമാനിക്കയും ചെയ്യുന്നവർക്കുള്ളതായിരുന്നു. എന്നാൽ കൊരിന്തിൽ തന്നെ വിമർശിക്കുന്ന ഒരു ന്യൂനപക്ഷം ഉള്ളതിനാൽ തുടർ ന്നുള്ള അദ്ധ്യായങ്ങൾ അവരെ ഉദ്ദേശിച്ച് എഴുതിയിട്ടുള്ളതാണ്. അവർ യെഹൂദപശ്ചാത്തലത്തിൽനിന്നും രക്ഷിക്കപ്പെട്ട് വന്നവർ എന്നു പ്രശംസിച്ചിരുന്നു (11:22). അവർ കള്ള അപ്പൊസ്തലന്മാരാണെന്ന് പ്രസ്താവിക്കുന്നു (11:13). അവരുടെ ന്യൂനവശം ചൂണ്ടിക്കാണിക്കുവാൻ പൗലൊസ് മടിക്കുന്നില്ല. കൂടാതെ തന്റെ അപ്പൊസ്തലിക അധികാരം തെളിയിക്കുന്നു (10:1-17). താൻ സഹിച്ച കഷ്ടതകളിൽ പ്രശംസിക്കുന്നതായി കാണാം (11:1-12:10). തന്റെ അപ്പൊസ്തലത്വത്തിന്റെ തെളിവും വ്യക്തമാക്കിയിരിക്കുന്നു (12:11-18). ഒടുവിലായി തന്നെ വിമർശിക്കുന്നവർ അനുതപിക്കുവാൻ ആഹ്വാനം ചെയ്യുന്നു (12:19-13:10).

പൗലൊസ് നേരിൽ കാണുമ്പോൾ സൗമ്യനും ദൂരെയിരിക്കുമ്പോൾ തന്റേടിയുമാണെന്ന് ചിലർ ആരോപിച്ചിരുന്നു. അതിന് തനിക്ക് രണ്ടു സ്വഭാവം ഇല്ലെന്ന് പൗലൊസ് വ്യക്തമാക്കുന്നു. ക്രിസ്തുവിന്റെ സൗമ്യതയും ശാന്തതയും താൻ അനുകരിക്കുന്നതായി ചൂണ്ടിക്കാട്ടുന്നു (മത്താ. 11:29). സൗമ്യനായ മനുഷ്യൻ തനിക്കെതിരെ ഉയരുന്ന ആരോപണങ്ങൾക്കെതിരെ കോപിക്കുകയില്ല. തെറ്റ് ബോധ്യമായാൽ അത് തിരുത്തുവാൻ മനസ്സുള്ളവനാ

യിരിക്കും. ശാന്തത പ്രലോഭനങ്ങൾക്ക് വശംവദനാകാതെ ആത്മനിയന്ത്രണം പാലിക്കുന്ന സ്വഭാവമാണ്. പൗലൊസ് സ്വന്ത സാമർത്ഥ്യം മൂലം പ്രവർത്തിക്കുന്നു എന്ന് ആരോപിക്കുന്നവരെ ധൈര്യമായി നേരിടും എന്ന് ഉറച്ചു. എന്നാൽ താൻ കൊരിന്തിൽ വരുമ്പോൾ അങ്ങനെ സംഭവിക്കുവാൻ ഇടയാകരുതെന്ന് അവരോട് അപേക്ഷിക്കുന്നു. താൻ ജഡത്തിൽ ജീവിക്കുന്നവനാണെങ്കിലും ജഡപ്രകാരം പോരാടുന്നവനായിരുന്നില്ല. തന്റെ ആയുധങ്ങൾ ജഡികങ്ങ ളല്ല; കോട്ടകൾ തകർക്കാൻ ശക്തിയുള്ള ദൈവിക ആയുധങ്ങളാണ് (എഫെ. 6:10-17). തനിക്കെതിരെ കൊണ്ടുവ രുന്ന സങ്കല്പങ്ങളും ആരോപണങ്ങളും മാനുഷിക ജ്ഞാനവും ക്രിസ്തുവിനോടുള്ള അനുസര ണത്തിൽ വില യിരുത്തുവാൻ പൗലൊസിന് കഴിഞ്ഞിരുന്നു. തൽഫലമായി തന്റെ ജീവിതം രൂപാന്തരപ്പെട്ടു. ക്രിസ്തുവിനെ അനു സരിക്കാത്ത എല്ലാവരുടെമേലും തന്റെ അപ്പൊസ്തലിക അധികാരം ഉപയോഗിക്കുവാൻ പൗലൊസ് തയ്യാറായിരു ന്നു. അങ്ങനെ സംഭവിക്കാതിരിക്കുവാൻ അവരുടെ അനുസരണം താൻ ആവശ്യപ്പെടുന്നു.

### പൗലൊസ് ക്രിസ്തുവിനുള്ളവൻ (10:7-11)

പൗലൊസിന്റെ എതിരാളികൾ ക്രിസ്തുവിന്റെ പക്ഷക്കാർ എന്ന് സ്വയം പ്രശംസിച്ചിരുന്നു. അവർ അതിശ്രേ ഷ്ഠതയുള്ളവരാണെന്ന് പറഞ്ഞു. യെരൂശലേമിൽനിന്നും വന്ന യെഹൂദമതാനുസാരികളായിരുന്നു ഇവർ. അവർ മറ്റൊരു യേശുവിനെ പ്രസംഗിച്ചു (11:4). അവർ പ്രതിഫലം ആഗ്രഹിക്കുന്നവരാണ് (11:7). അവർ ക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ട ദൈവജ്ഞാനത്തിന് പകരം മനുഷ്യജ്ഞാനത്തിന് അടിമപ്പെട്ടിരുന്നു (10:5). അവർ കൊരി ന്ത്യർക്ക് ആത്മിക തളർച്ചയ്ക്ക് കാരണമായി. അപ്പൊസ്തലൻ അവരുടെ ആത്മിക വർദ്ധനവിനായി അയയ്ക്കപ്പെ ട്ടവനെന്ന് അഭിമാനിക്കുന്നു. തന്റെ അപ്പൊസ്തലിക അധികാരം അവരുടെ കെട്ടുപണിക്കായി ഉപയോഗിച്ചു. തന്റെ ലേഖനം അവരെ ഭയപ്പെടുത്തുവാൻ എഴുതിയതല്ല. പ്രത്യുത അവരുടെ മാനസാന്തരത്തിന് മുഖാന്തരമാകേണ്ടതി നായിരുന്നു. തന്റെ ലേഖനങ്ങൾ ഘനമുള്ളതെന്നും എന്നാൽ താൻ കാഴ്ചയിൽ ദുർബലനും സംസാരത്തിൽ കഴ മ്പില്ലാത്തവനും എന്ന് വിരോധികൾ കുറ്റപ്പെടുത്തിയിരുന്നു. അത് തികച്ചും തെറ്റായ ധാരണയാണെന്നും താൻ അകലെയും അടുത്തും ഇരിക്കുമ്പോൾ വ്യത്യസ്തനല്ലെന്നും പൗലൊസ് പ്രസ്താവിക്കുന്നു. കർത്തൃദാസന്മാരുടെ ശാരീരിക ആകൃതിയെ വിമർശിക്കുന്നത് തെറ്റാണ്. പൗലൊസ് മഹാപണ്ഡിതനായിരുന്നെങ്കിലും ലളിതമായ ഭാഷ യിൽ ക്രിസ്തുവിനെ പ്രസംഗിച്ചു. തൽഫലമായി അനേക സഭകൾ ഉളവാകയും വിശ്വാസികൾ ആത്മിക അഭി വൃദ്ധി പ്രാപിക്കയും ചെയ്തു. പൗലൊസ് അനുഭവിച്ച ശാരീരിക പീഡനങ്ങൾ താൻ ദുർബലനാണെന്ന് പ്രസ്താ വിക്കുവാൻ മതിയായ തെളിവുകൾ അല്ല.

### പൗലൊസ് ദൈവത്താൽ നിയോഗിതനാണ് (10:12-17)

പൗലൊസിന്റെ എതിരാളികൾ സ്വയം അന്യോന്യം പ്രശംസിക്കുന്നവരായിരുന്നു. പൗലൊസ് അവരെപ്പോ ലെയല്ല. 'ഞങ്ങൾ ദൈവിക അംഗീകാരം ലഭിച്ചവരാണ്.' അവർ സ്ഥാനത്തിനുവേണ്ടി അന്യോന്യം ശ്ലാഘിക്കുന്നു. പൗലൊസ് കർത്താവ് നൽകിയ ശുശ്രൂഷയിൽ സന്തോഷിക്കുന്നവനായി രുന്നു. അതിൽ കൊരിന്തിലെ വിശ്വാസി കളും ഉൾപ്പെട്ടിരിക്കുന്നു. 'അങ്ങനെ ഞങ്ങൾ നിങ്ങളുടെ ഇടയിലും സുവിശേഷം പ്രസംഗിച്ചു.' മറ്റുള്ള സുവി ശേഷ പ്രവർത്തനങ്ങൾ സ്വന്തപ്രവർത്തനം എന്ന് പ്രശംസിക്കുവാൻ പൗലൊസിന് കഴിഞ്ഞിരുന്നില്ല. താൻ മറ്റുള്ള വരുടെ പ്രവർത്തനമേഖലകളിൽ നുഴഞ്ഞു കയറാതെ പുതിയ സ്ഥലങ്ങളിൽ സുവിശേഷഘോഷണം ചെയ്യു വാൻ താല്പര്യമുള്ളവനായിരുന്നു.

സ്വയം പ്രശംസിക്കാതെ കർത്താവിൽനിന്നുള്ള പുകഴ്ച പൗലൊസ് ആഗ്രഹിച്ചു. തന്റെ എതിരാളികൾ കൊരി ന്തിൽ നുഴഞ്ഞുകയറിയവരാണ്. അവർ സ്വാർത്ഥതൽപരരും കൊരിന്ത്യരുടെ ആത്മിക പുരോഗതിക്ക് തടസ്സം സൃഷ്ടിക്കുന്നവരുമാണ്. പൗലൊസ് കർത്തൃശുശ്രൂഷയ്ക്കായി ഉപയോഗിക്കപ്പെട്ട ഉപകരണം മാത്രമായിരുന്നു. അതുകൊണ്ട് തന്റെ പ്രശംസ ക്രിസ്തുവിലും അവന്റെ ക്രൂശിലും ആയിരുന്നു (ഗലാ. 6:14). ദൈവദാസന്മാർ മനു ഷ്യരെ പ്രസാദിപ്പിക്കുന്നവർ ആകരുത്. നല്ലവനും വിശ്വസ്തനുമായ ദാസൻ എന്ന പുകഴ്ച കർത്താവിൽനിന്നും ലഭിക്കുവാൻ നമുക്ക് ഇടയാകട്ടെ.

## അദ്ധ്യായം 11

### പൗലൊസിന്റെ ഉൽക്കണ്ഠ (11:1-6)

പൗലൊസ് ഈ അദ്ധ്യായം ഒരു അപേക്ഷയോടുകൂടെയാണ് ആരംഭിക്കുന്നത്. താൻ സ്വയം പുകഴുവാൻ ആഗ്രഹിക്കുന്നവനല്ല. കർത്താവിന്റെ ദാസന്മാർ ശ്രദ്ധിക്കേണ്ട ഒന്നാണ് ഇത്. തന്റെ എതിരാളികളായ കള്ള അപ്പൊ സ്തലന്മാർ സ്വയം പുകഴുന്നവരായിരുന്നു. കൊരിന്ത്യർ അവരെ സഹിക്കയും അവരാൽ വശീകരിക്കപ്പെടുകയും ചെയ്തു. തന്റെ പ്രയത്നഫലമായ കൊരിന്ത്യർ തെറ്റിപ്പോകുന്നതു കണ്ട് ഹൃദയഭാരത്തോടെ എഴുതുന്നത് തനിക്കും പ്രശംസിക്കുവാൻ വളരെ കാര്യങ്ങൾ ഉണ്ട് എന്നാണ്. താൻ അതിശ്രേഷ്ഠതയുള്ള അപ്പൊസ്തലന്മാരേക്കാൾ കുറഞ്ഞവനല്ല. ഇത് പന്തിരുവരെക്കുറി ച്ചുള്ള പരാമർശം ആയിരുന്നില്ല. അവർ ക്രിസ്ത്യാനികളാകാതെ ക്രിസ്ത്യാ നിത്വം ഭാവിച്ച യെഹൂദവാദികളായ ചാരന്മാർ ആയിരുന്നു. അവർ അതിശ്രേഷ്ഠതയുള്ള അപ്പൊസ്തലന്മാർ എന്ന് സ്വയം അഭിമാനിച്ചിരുന്നു.

കൊരിന്തിലെ സഭയെക്കുറിച്ച് പൗലൊസ് പറയുന്നത് അവരെ താൻ ക്രിസ്തു എന്ന ഏകപുരുഷന് നിർമ്മല

കന്യകയായി ഏൽപ്പിക്കുവാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു എന്നാണ്. ഈ ബന്ധത്തിൽ യെഹൂദന്മാരുടെ വിവാഹനിശ്ചയത്തിന്റെ സമ്പ്രദായം ശ്രദ്ധേയമാണ്. മണവാളനും മണവാട്ടിക്കും ഓരോ തോഴന്മാർ ഉണ്ടായിരിക്കും. അവർ ഇടനിലക്കാരാണ്. അവർക്ക് വളരെ ഉത്തരവാദിത്വങ്ങളും ഉണ്ട്. മണവാട്ടി തികച്ചും കന്യകയാണെന്നുള്ള ഉറപ്പ് മണവാളന് നൽകേണ്ടത് അവന്റെ തോഴനാണ്. അതിന്റെ അടിസ്ഥാനത്തിലാണ് അവൻ വിവാഹിതനാകുന്നത്. പൗലൊസ് കൊരിന്ത്യരെ അങ്ങനെ ക്രിസ്തുവിന് കൊടുക്കുവാൻ ഉത്തരവാദിത്വം ഉള്ളവനാകുന്നു എന്ന് ഇവിടെ പറയുന്നു. തനിക്ക് ദൈവജനത്തെക്കുറിച്ചുണ്ടായിരുന്ന തീക്ഷ്ണത ഇവിടെ കാണുന്നു. കൊരിന്ത്യർ ദുരുപദേശത്താൽ വഞ്ചിക്കപ്പെടരുത്. അത് ക്രിസ്തുവിനോടുള്ള വിശ്വാസത്തിൽനിന്നും ഭക്തിയിൽനിന്നും അകന്നുപോകുവാൻ കാരണമാകും. കള്ളയപ്പൊസ്തലന്മാർ സാത്താന്റെ സ്വാധീനതയിൽ ഇന്നും പ്രവർത്തിക്കുന്നു. തൽഫലമായി അനേകർ തെറ്റിപ്പോകുന്നു. അവരുടെ പ്രവൃത്തിയെ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതിനോട് ഉപമിച്ചിരിക്കുന്നു. സഭയിൽ ഭിന്നതയും ആത്മിക അന്ധതയും പ്രയോജനശൂന്യതയും ഉണ്ടാകുവാൻ ഇത് കാരണമാകുന്നു.

കള്ളയപ്പൊസ്തലന്മാർ മറ്റൊരു സുവിശേഷം പ്രസംഗിച്ചു. അവർ കൃപയുടെ സുവിശേഷത്തോട് കർമ്മാനുഷ്ഠാനങ്ങളും പാരമ്പര്യങ്ങളും കലർത്തുന്നവരാണ്. ആത്മഫലങ്ങൾ നിറഞ്ഞ ആത്മീയ ജീവിതം വിലക്കുന്നവരായ ഇവരെ കൊരിന്ത്യർ സഹിക്കുന്നതു കണ്ട് അപ്പൊസ്തലൻ ആശ്ചര്യപ്പെടുന്നു. തന്റെ അപ്പൊസ്തലത്വത്തെ ഊന്നിപ്പറയുന്നു. താൻ വാഗ്ചാതുര്യമില്ലാത്തവനായി തോന്നിയാലും തന്റെ സന്ദേശം പൂർണ്ണവും മാറ്റമില്ലാത്തതുമാകുന്നു.

## പൗലൊസിന്റെ ശുശ്രൂഷയുടെ വിധം (11:7-15)

പൗലൊസിന്റെ ശുശ്രൂഷ പ്രതിഫലേച്ഛയില്ലാത്തതായിരുന്നു. തന്റെ നിസ്വാർത്ഥതയെ കൊരിന്ത്യർ തെറ്റിദ്ധരിച്ചു. താൻ ഒരു അപ്പൊസ്തലനായിരുന്നു എങ്കിൽ സഹായം വാങ്ങുമായിരുന്നു എന്നും തന്റെ സേവനം പ്രതിഫലത്തിന് യോഗ്യമല്ലെന്നും കള്ളയപ്പൊസ്തലന്മാർ പ്രചരിപ്പിച്ചു. സുവിശേഷവേലയെക്കുറിച്ചുള്ള ആരോപണം ഒഴിവാക്കാനും ശുശ്രൂഷകൾ പ്രാഗത്ഭ്യത്തോടുകൂടെ നിവർത്തിക്കുവാനുമായിരുന്നു പൗലൊസ് ഈ മാതൃക അനുകരിച്ചത്. കൊരിന്തിലെ പ്രത്യേക സാഹചര്യവും ഇതിന് കാരണമായിരുന്നു. എന്നാൽ മക്കെദോന്യസഭകൾ തന്നെ സഹായിച്ച കാര്യം പൗലൊസ് ചൂണ്ടിക്കാണിക്കുന്നുണ്ട് (ഫിലി. 4:15-18). ആർക്കും ഒരു ഭാരമാകരുതെന്നുള്ള ആഗ്രഹം പൗലൊസിനുണ്ടായിരുന്നു. കൊരിന്ത്യരിൽനിന്നും സഹായം വാങ്ങാതിരുന്നത് അവരോടുള്ള സ്നേഹക്കുറവുകൊണ്ടായിരുന്നില്ല. പ്രത്യുത തന്നെ വിമർശിക്കുന്നവർക്ക് കാരണം ഉണ്ടാകാതിരിക്കുവാനായിരുന്നു. തന്റെ ഈ സാക്ഷ്യം ദൈവം അറിയുന്നു. തന്റെ മാതൃക അനുകരിക്കുവാൻ കള്ളയപ്പൊസ്തലന്മാരെ വെല്ലുവിളിക്കുന്നു. അവരുടെ നിജസ്ഥിതി ഇവിടെ പൗലൊസ് ചൂണ്ടിക്കാണിക്കുന്നു. അവർ അപ്പൊസ്തലന്റെ യോഗ്യത ഇല്ലാത്ത കപടവേലക്കാരാണ്. അവർ സാത്താന്റെ സ്വാധീനതയിൽ കഴി യുന്നു. അവർ അഹങ്കാരികളും ചതിയന്മാരും ദൈവജനത്തെ വലയ്ക്കുന്നവരും ആണ്. സാത്താൻ വെളിച്ചദൂതനായി പ്രത്യക്ഷപ്പെട്ട് വശീകരിക്കുന്നതു പോലെ ദൈവജനത്തെ വശീകരിക്കുവാൻ ഇവർക്ക് കഴിയും. അവരുടെ അന്തം അവരുടെ പ്രവൃത്തിക്കൊത്തതായിരിക്കും. അവർ ന്യായം വിധിക്കപ്പെടും.

## പൗലൊസിന്റെ അപ്പൊസ്തലത്വത്തിന്റെ തെളിവുകൾ (11:16-33)

കൊരിന്ത്യരുടെ ആത്മിക ക്ഷേമത്തെക്കരുതി ഒരു ബുദ്ധിഹീനനെപ്പോലെ പൗലൊസ് താൻ സഹിച്ച കഷ്ടതകളെക്കുറിച്ച് പ്രശംസിക്കുന്നു. താൻ സ്വയം പ്രശംസിക്കുവാൻ ആഗ്രഹമുള്ളവനല്ല. അത് ദൈവഹിതമല്ലെന്നും തനിക്ക് ബോധ്യമുണ്ടായിരുന്നു. എന്നാൽ കൊരിന്ത്യരെ കള്ളയപ്പൊസ്തലന്മാരുടെ സ്വാധീനതയിൽനിന്നും നേടുവാൻ താൻ സ്വയം പ്രശംസിക്കുവാൻ നിർബന്ധിതനായി.

തനിക്ക് പ്രശംസിക്കുവാൻ വകയുള്ള അനേക കാര്യങ്ങൾ ഉണ്ടായിരുന്നു. അതിന്റെ നീണ്ട ഒരു ലിസ്റ്റ് ഇവിടെ കാണാം. ജഡപ്രകാരമുള്ള പ്രശംസയാണ് ഇത്. താൻ ഒരു പരീശനായിരുന്നു. കൊരിന്ത്യർ ബുദ്ധിമാന്മാർ എന്ന് സ്വയം പ്രശംസിച്ചിരുന്നു. എന്നാൽ ബുദ്ധിഹീനരായ കള്ളയപ്പൊസ്ത ലന്മാരുടെ ചതിവ് അവർ ഗ്രഹിച്ചില്ല. അവർ കൊരിന്ത്യരെ ആത്മിക അടിമകളാക്കി ചൂഷണം ചെയ്തു. അത് അവർ സഹിച്ചു. തന്റെ എതിരാളികൾ അവരുടെ ജഡികയോഗ്യതകളിൽ പ്രശംസിക്കുവാൻ ധൈര്യപ്പെട്ടു. കൊരിന്ത്യരെ നേടുവാൻ താനും അതിന് ധൈര്യപ്പെടുന്നതായി പറയുന്നു.

23-30 വരെയുള്ള വാക്യങ്ങളിൽ പൗലൊസ് തന്റെ കഷ്ടതയുടെ നീണ്ട ലിസ്റ്റ് നൽകുന്നു. തന്റെ അപ്പൊസ്തലത്വത്തിന്റെ അടയാളം അതാണെന്ന് അങ്ങനെ ഉറപ്പിക്കുന്നു. അങ്ങനെയുള്ള ഒരു കഷ്ടതയുടെ ലിസ്റ്റ് കള്ളയപ്പൊസ്തലന്മാർക്ക് ഉണ്ടായിരുന്നില്ല. അവർ യെഹൂദവാദികളായ വ്യാജോപദേഷ്ടാക്കന്മാർ ആയിരുന്നു. ക്രിസ്തുവില്ലാത്ത ക്രിസ്ത്യാനികൾ ആയിരുന്നു. വംശപാരമ്പര്യത്തെക്കുറിച്ച് പ്രശംസിക്കുന്നവർ ആയിരുന്നു അവർ. പൗലൊസ് ക്രിസ്തുവിൽ പ്രശംസിച്ചു. താൻ സഹിച്ച കഷ്ടതകളുടെ അടയാളം ശരീരത്തിൽ വഹിച്ചിരുന്നു (ഗലാ. 6:17). ആരേക്കാളും അധികം കർത്താവിനുവേണ്ടി അദ്ധ്വാനിച്ചു. പല പ്രാവശ്യം അടിയേറ്റു, തടവിലായി. ഉറക്കമിളപ്പ്, പൈദാഹം, പട്ടിണി, ശീതം, നഗ്നത, കാട്ടിലെ ആപത്ത്, കടലിലെ ആപത്ത്, കള്ളസഹോദരന്മാരാലുള്ള ആപത്ത് എന്നിവ സന്തോഷത്തോടെ സഹിച്ചു. കൂടാതെ സർവ്വസഭകളെയും കുറിച്ചുള്ള ചിന്താഭാരം തനിക്കുണ്ടായിരുന്നു. പൗലൊസ് ഒരു സുവിശേഷകൻ മാത്രമല്ല, ഇടയനുമായിരുന്നു. ദൈവജനത്തെക്കുറിച്ചുള്ള ഭാരവും

കടപ്പാടും തനിക്കുണ്ടായി രുന്നു. ദൈവജനത്തിന്റെ ക്ഷേമത്തിനായി എന്തും ഏതുമാകുവാനുള്ള ആഗ്രഹം പൗലൊസിനുണ്ടായിരുന്നു. തന്റെ ബലഹീനതകളിൽ ദൈവകൃപ അനുഭവിക്കാനും ദൈവശക്തിയാൽ ബലപ്പെടുവാനും തനിക്കു കഴിഞ്ഞു. അതുകൊണ്ട് പൗലൊസ് തന്റെ ബലഹീനതകളിൽ പ്രശംസിച്ചു. ദൈവ ത്തെ മഹത്വപ്പെടുത്തിക്കൊണ്ട് തന്റെ സത്യസന്ധത ഇവിടെ പ്രസ്താവിക്കുന്നു. കർത്താവിന്റെ കരുതലും വിശ്വസ്തതയും വെളിപ്പെടുത്തുവാൻ ദമാ സ്ക്കസിൽവെച്ച് തനിക്കുണ്ടായ ഒരു അനുഭവവും ചൂണ്ടിക്കാണിക്കുന്നു. അവിടത്തെ ഗവർണർ തന്നെ പിടിക്കുവാൻ പട്ടണം അടച്ച് കാവൽ പട്ടാ ളത്തെ നിർത്തി. എന്നാൽ ശിഷ്യന്മാർ തന്നെ മതിലിലുള്ള കിളിവാതിൽവഴി ഒരു വട്ടിയിൽ താഴേക്ക് ഇറക്കിവിട്ട് രക്ഷിച്ചു. കഷ്ടതകളുടെ മദ്ധ്യത്തിൽ തന്നെ പരിപാലിക്കുകയും സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ദൈവശക്തിയെക്കുറിച്ച് സാക്ഷിക്കുവാൻ പൗലൊസിനു കഴിഞ്ഞു. ദൈവജനമേ, നമുക്കും അപ്പൊസ്തലന്റെ നല്ല മാതൃക അനുകരിക്കാം.

## അദ്ധ്യായം 12

### പൗലൊസിന്റെ സ്വർഗ്ഗീയ ദർശനം (12:1-6)

അപ്പൊസ്തലൻ സ്വയം പ്രശംസിക്കുവാൻ താല്പര്യമുള്ളവനല്ലായിരുന്നു. എന്നാൽ കൊരിന്ത്യർ കള്ളയപ്പൊസ്തലന്മാരാൽ വശീകരിക്കപ്പെട്ടിരുന്നതിനാൽ തന്റെ അപ്പൊസ്തലത്വം തെളിയിക്കുവാൻ ആവശ്യം ഉണ്ടായി. അങ്ങനെ തനിക്കു ലഭിച്ച സ്വർഗ്ഗീയ ദർശനത്തെക്കുറിച്ച് പ്രസ്താവിക്കുന്നു. തന്റെ എതിരാളികൾക്ക് അങ്ങനെ അവകാശപ്പെടുവാൻ കഴിഞ്ഞിരുന്നില്ല. പതിനാലു വർഷങ്ങൾക്കു മുമ്പ് നടന്ന ഈ സംഭവം താൻ ആദ്യമായി പ്രസ്താവിക്കുന്നു.

പൗലൊസ് സ്വന്ത അനുഭവമാണ് ഇവിടെ പ്രസ്താവിക്കുന്നത്. താൻ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു. സ്വർഗ്ഗീയ ദർശനം തനിക്ക് ലഭിച്ചു.ദർശനവും വെളിപ്പാടും ഒന്നല്ല. ദർശനം അലൗകിക കാഴ്ചയേയും വെളിപ്പാട് ദർശനത്തിൽ കൂടെ ലഭിക്കുന്ന സത്യത്തെയും കാണിക്കുന്നു. വെളിപ്പാടു സ്വപ്നം മൂലമോ കേൾവി മൂലമോ ലഭിക്കാവുന്നതാണ്. തനിക്ക് ലഭിച്ച ദർശനം ശരീരത്തോടെയോ ശരീരം കൂടാതെയോ എന്ന് താൻ അറിയുന്നില്ല. എന്നാൽ ദർശനത്തെക്കുറിച്ച് ഉറപ്പുണ്ടായിരുന്നു. ജഡരക്തങ്ങൾ ദൈവരാജ്യം അവകാശമാക്കുകയില്ല (1 കൊരി. 15:50). അതുകൊണ്ട് ആത്മാവിൽ കണ്ട ദർശനമായിരിക്കുവാനാണ് സാധ്യത.

ബൈബിൾ മൂന്നു സ്വർഗ്ഗങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഒന്നാം സ്വർഗ്ഗം മേഘമണ്ഡലം ആണ്. രണ്ടാം സ്വർഗ്ഗം നക്ഷത്രമണ്ഡലവും. മൂന്നാം സ്വർഗ്ഗം സ്വർഗ്ഗാധിസ്വർഗ്ഗം ആകുന്നു. പുനരുത്ഥാനം ചെയ്ത ക്രിസ്തു കടന്നുപോയത് അവിടെയാണ്. ക്രിസ്തുവിൽ മരിക്കുന്നവരുടെ ആത്മാക്കൾ അവിടേക്ക് പോകുന്നു (ഫിലി.1:23). അതിനെ പറുദീസ എന്നും വിളിക്കുന്നു. അതുകൊണ്ടുള്ള ആശയം സന്തോഷത്തിന്റെ സ്ഥലം എന്നാണ് (സങ്കീ.16:11). പൗലൊസ് അവിടെ അവാച്യവും മനുഷ്യന് വിവരിക്കുവാൻ കഴിയാത്തതുമായ ഭാഷ കേട്ടു. തന്റെ അപ്പൊസ്തലത്വം സ്ഥാപിക്കുവാൻ ഈ അനുഭവത്തെക്കുറിച്ച് പ്രശംസിക്കുന്നു. തന്റെ എതിരാളികൾക്കുള്ള വെല്ലുവിളിയായി ഇതിരിക്കുന്നു.

### ജഡത്തിലെ ശൂലം (12:7-10)

പതിനാലു വർഷങ്ങൾക്കു മുമ്പ് പൗലൊസിന് ലഭിച്ച സ്വർഗ്ഗീയദർശനം തന്നെ സ്വയം പ്രശംസിക്കുന്നവനാക്കുവാനുള്ള സാധ്യത ഉണ്ടായിരുന്നു. അങ്ങനെ സംഭവിക്കാതിരിക്കുവാൻ തന്റെ ജഡത്തിൽ ഒരു ശൂലം തന്നിരുന്നു. ദൈവം നൽകിയതാണ് ഇത്. അതിനെ സാത്താന്റെ ദൂതൻ എന്നു വിളിക്കുന്നു. അതുകൊണ്ട് ജഡത്തെ വേദനിപ്പിക്കുന്ന ഈ മുള്ള് സാത്താന്റെ ഏജന്റായിരുന്നു എന്ന് മനസ്സിലാക്കാം. ഈ ശൂലത്തെക്കുറിച്ച് അനവധി വ്യാഖ്യാനങ്ങൾ ഉണ്ട്. തന്നെ നിന്ദിക്കുവാനും വെറുക്കുവാനും കാരണമാകുന്ന ശാരീരിക സംബന്ധമായ രോഗമോ പരീക്ഷയോ ആയിരുന്നു എന്ന് അഭിപ്രായപ്പെടുന്നു (ഗലാ. 4:14). അത് നീങ്ങിക്കിട്ടുവാൻ പൗലൊസ് മൂന്നു പ്രാവശ്യം പ്രാർത്ഥിച്ചു. പക്ഷേ താൻ പ്രതീക്ഷിച്ച മറുപടിയല്ല ലഭിച്ചത്. 'എന്റെ കൃപ നിനക്കു മതി.' അതായിരുന്നു പ്രാർത്ഥനയ്ക്ക് ലഭിച്ച ഉത്തരം. നാം പ്രാർത്ഥിക്കുന്ന കാര്യങ്ങൾ ദൈവനാമമഹത്വത്തിനായിട്ടുള്ളതായിരിക്കണം. നാം അപേക്ഷിക്കുന്ന പലതും ലഭിക്കാതിരിക്കുന്നതിലും ദൈവകരുണ ദർശിക്കുവാൻ കഴിയും.

ദൈവകൃപയുണ്ടെങ്കിൽ എല്ലാം ഉണ്ട്. പൗലൊസിന് അത് സമൃദ്ധി യായി ലഭിച്ചു. അത് കഷ്ടത സഹിക്കുവാൻ ശക്തി നൽകുന്ന കൃപയായിരുന്നു. മുള്ളു മാറാതിരുന്നതിനാൽ കൃപയും മാറാതെ നൽകിയിരുന്നു. പിന്നെ ശൂലം നീങ്ങേണ്ടതിന് പ്രാർത്ഥിക്കുവാൻ ആവശ്യം വന്നില്ല. ശോധന സഹിക്കുവാൻ ശക്തി നൽകുന്ന കൃപ കർത്താവ് തന്റെ മക്കൾക്ക് വാഗ്ദത്തം ചെയ്തിരിക്കുന്നു. ദൈവശക്തി തനിക്ക് അനുഭവിച്ചറിയുവാൻ ഇത് മുഖാന്തരമായി. തനിക്ക് നിഗളം വരാതിരിക്കുവാൻ ദൈവം നൽകിയ ഉപാധിയായി പൗലൊസ് ജഡത്തിലെ ശൂലത്തെ സ്വീകരിച്ചു. തുടർന്ന് പറയുന്നത് ഇതൊക്കെയും സഹിക്കുവാൻ താൻ ബലഹീനനായിരിക്കുമ്പോൾ തന്നെ ശക്തനാകുന്നു എന്നാണ്. നാം അപകടസാധ്യതകൾ ഒഴിവാക്കുന്നവരാകണം. കർത്താവിനുവേണ്ടി കഷ്ടം സഹിക്കുന്നത് നമ്മുടെ പദവിയായി കരുതണം (ഫിലി. 1:29).

## അപ്പൊസ്തലന്റെ ലക്ഷണങ്ങൾ (12:11-13)

കൊരിന്ത്യർ പൗലൊസിനെ ബഹുമാനിക്കുവാൻ കടപ്പെട്ടവരായിരുന്നു. എന്നാൽ അവർ കള്ളയപ്പൊസ്തല ന്മാർ തന്നെ അപമാനിക്കുന്നത് സഹിക്കു ന്നവരായിത്തീർന്നു. അതുകൊണ്ട് താൻ സ്വയം പ്രശംസിക്കുവാൻ നിർബന്ധിതനായി. അങ്ങനെ താൻ ഭോഷനായി എന്ന് പൗലൊസ് സാക്ഷിക്കുന്നു. സ്വന്ത ബലഹീനതകളെക്കു റിച്ച് പൗലൊസ് ബോധവാനായിരുന്നു. പൗലൊ സ്, അപ്പൊസ്തലന്റെ എല്ലാ ലക്ഷണങ്ങളും ഉള്ളവനായിരുന്നു. താൻ ക്രിസ്തുവിനെ കണ്ടവനാണ്. കർത്താവിനാൽ നിയോഗിക്കപ്പെട്ടവനും ദിവ്യവെളിപ്പാടുകൾ ലഭിച്ചവനുമാ ണ്. തന്റെ കയ്യാൽ വീര്യപ്രവൃത്തികൾ നടന്നു. ഇതിന് കൊരിന്ത്യർ സാക്ഷികൾ ആണ്. പിന്നെ എങ്ങനെ അവർ തന്റെ അപ്പൊസ്തലത്വത്തെ സംശയിക്കുന്നു എന്ന് അത്ഭുതപ്പെടുന്നു. എതിർപ്പുകളുടെ മദ്ധ്യത്തിൽ സഹിഷ്ണു തയോടുകൂടെ താൻ കൊരിന്തിൽ പ്രവർ ത്തിച്ചു. കള്ളയപ്പൊസ്തലന്മാർക്ക് ഈ യോഗ്യതകൾ ഒന്നും ഉണ്ടായിരു ന്നില്ലെങ്കിലും കൊരിന്ത്യർ അവരുടെ ഉപായത്തിൽ വീണുപോകുന്നവരായി. കൊരിന്ത്യർക്ക് ഭാരമാകാതിരിക്കു വാൻ പൗലൊസ് അവരുടെ സഹായം കൈപ്പറ്റിയില്ല. എന്നാൽ തന്റെ പ്രവർത്തനഫലമായി അവർ ഒന്നിലും കുറ വില്ലാത്തവരായി (1 കൊരി. 1:6,7). അവരുടെ സഹായം സ്വീകരിക്കാഞ്ഞത് അവർക്ക് പ്രയാസം ഉളവാക്കിയതു മൂലം പൗലൊസ് ക്ഷമാപണം ചെയ്യുവാൻ മനസ്സുള്ളവനായിരുന്നു.

## അപ്പൊസ്തലന്റെ ഹൃദയം (12:14-21)

പൗലൊസിന്റെ പ്രഥമ സന്ദർശനത്തിൽ കൊരിന്തുസഭ ഉണ്ടായി (പ്രവൃ. 18:1). രണ്ടാമതൊരു സന്ദർശനംകൂടി നടന്നിരുന്നു (2:1). ഇപ്പോൾ താൻ മൂന്നാമത്തെ സന്ദർശനത്തിന് ഒരുങ്ങുന്നു. അതുകൊണ്ടുള്ള തന്റെ ഏക ലക്ഷ്യം അവരുടെ ആത്മീയ അനുഗ്രഹം ആണ്. മാതാപിതാക്കന്മാർ മക്കൾക്ക് അനുഗ്രഹമായിത്തീരണം. പൗലൊസ് അവരുടെ ആത്മികപിതാവാണല്ലോ. താൻ അവരെ സ്നേഹിക്കുന്നതുകൊണ്ട് തനിക്കുള്ളതെല്ലാം ചെലവിടാനും ചെലവായിപ്പോകുവാനും മനസ്സുള്ളവനായിരുന്നു. കൊരിന്ത്യർ പൗലൊസിന്റെ കവിഞ്ഞൊഴുകുന്ന സ്നേഹത്തോട് ശരിയായി പ്രതികരിക്കാഞ്ഞതിൽ ദുഃഖിക്കുന്നു. താൻ ഉപായിയാണെന്ന് എതിരാളികൾ ആരോപിച്ചിരുന്നു. അവ രുടെ സഹായം സ്വീകരിക്കാത്തപ്പോൾ തന്നെ മക്കെദോന്യസഭകളുടെ സഹായം സ്വീകരിച്ചതായിരുന്നു അതി നുള്ള കാരണം. ആ ആരോപണം തെറ്റാകുന്നു എന്ന് തെളിയിക്കുവാൻ നാലു കാര്യങ്ങൾ ചൂണ്ടിക്കാണി ക്കുന്നു. താൻ അയച്ച പ്രതിനിധികൾ തന്നെപ്പോലെ പ്രവർത്തിച്ചു. 'തീത്തൊസ് നിങ്ങളെ വഞ്ചിച്ച് ഒന്നും എടുത്തില്ല.' അവരെല്ലാം പൗലൊസിന്റെ മനോഭാവം ഉള്ളവരായിരുന്നു. അവരുടെ ജീവിതമാതൃകയും പൗലൊസിനെ അനുക രിക്കുന്നതായിരുന്നു. പൗലൊസ് മാതൃകാപ്രവർത്തകനായിരുന്നു.

തന്റെ അപ്പൊസ്തലത്വത്തെ ന്യായീകരിച്ചത് കൊരിന്ത്യർ തെറ്റിദ്ധരിച്ചുവോ എന്ന് പൗലൊസ് സംശയിക്കു ന്നു. തനിക്ക് ദൈവമുമ്പാകെ പ്രാഗത്ഭ്യം ഉണ്ട്. താൻ കർത്താവിനോട് മാത്രം കണക്ക് ബോധിപ്പിക്കുവാൻ കട പ്പെട്ട അപ്പൊസ്തലനാകുന്നു (1 കൊരി. 4:1-4). താൻ ചെയ്തതൊക്കെയും അവരുടെ ആത്മികാഭിവൃദ്ധിക്ക് ആയി രുന്നു. തന്റെ സന്ദർശനത്തിൽ കൊരിന്ത്യർ പിന്നെയും അവരുടെ പഴയ പരിചയങ്ങളിലേക്ക് മടങ്ങിപ്പോയതായി കാണുമെന്ന് ഭയപ്പെടുന്നു. അതിന് മുമ്പ് അവർക്കൊരു മാനസാന്തരം ഉണ്ടാകും എന്ന് ആശിക്കുന്നു. പൗലൊ സിനെ അവഗണിക്കുന്ന ചിലർ കൊരിന്തിൽ ഉണ്ടായിരുന്നു. അവരെക്കുറിച്ചുള്ള പരാമർശമാണ് ഇതെന്ന് കരു താം. കർത്തൃദാസന്മാരുടെ ശുശ്രൂഷകൾക്ക് പ്രതീക്ഷിച്ച ഫലം ഉണ്ടാകാതിരുന്നാൽ ഖേദവും അപമാനബോധവും ഉണ്ടാകാവുന്നതാണ്.

### അദ്ധ്യായം 13

## മാനസാന്തരപ്പെടുവാനുള്ള ആഹ്വാനം (13:1-10)

പൗലൊസ് കൊരിന്തു സന്ദർശിക്കുന്നതിന് മുമ്പായി തന്നെ വിമർശിക്കുന്നവർ മാനസാന്തരപ്പെടണം എന്ന് ആഗ്രഹിക്കുന്നു. താൻ ക്രിസ്തു വിന്റെ അപ്പൊസ്തലൻ എന്ന നിലയിൽ അധികാരമുള്ളവനാണ്. കൊരിന്ത്യർ അനുതപിക്കാത്തപക്ഷം അവരുടെ നേരെ അച്ചടക്കനടപടി എടുക്കേണ്ടിവരും എന്ന് പ്രസ്താവിക്കുന്നു. രണ്ടു മൂന്നു സാക്ഷികളുടെ വാമൊഴിയാൽ കുറ്റം ബോധ്യമായാൽ ഇനിയും തനിക്ക് അവരോട് ക്ഷമിക്കുവാൻ കഴിയു ന്നതല്ല (മത്താ. 18:17). പൗലൊസ് കൊരിന്തിൽ ബലഹീനതയോടെ ശുശ്രൂഷിച്ചു. ഇനിയും ക്രിസ്തുവിലുള്ള അധി കാരത്തോടെ അവരോട് ഇടപെടും. ക്രിസ്തു ബലഹീനതയിൽ ക്രൂശിക്കപ്പെട്ടു. പുനരുത്ഥാനം ചെയ്ത ക്രിസ്തു വിൽ ദൈവശക്തി പ്രത്യക്ഷപ്പെട്ടു. അവനുള്ളവർ ആ ശക്തിയുടെ അനുഭവ ക്കാരായി ജീവിക്കണം. അപ്പൊസ്ത ലനിൽ പുനരുത്ഥാനശക്തി വ്യാപരിച്ചിരുന്നു. താൻ ഇനിയും കൊരിന്തിൽ വരുമ്പോൾ ആ ശക്തിയോടും അധികാര ത്തോടും കൂടെ വരും എന്ന് അവരെ അറിയിക്കുന്നു. അതുകൊണ്ട് ഒരു സ്വയപരിശോധനയ്ക്ക് അവരെ ആഹ്വാനം ചെയ്യുന്നു. അവർ സുവിശേഷത്തിൽ വിശ്വസിച്ച് ക്രിസ്തുവിലായിത്തീർന്നിട്ടുണ്ടോ? അവന്റെ വചനം വിശ്വസിച്ചു കൊണ്ട് ക്രിസ്തുവിൽ സന്തോഷവും സംതൃപ്തിയും അനുഭവിക്കുന്നവരാണോ? ഈ ആഹ്വാനം കൊരിന്ത്യർ സ്വീകരിക്കയും പൗലൊസ് ക്രിസ്തുവിന്റെ യഥാർത്ഥ അപ്പൊസ്തലൻ എന്ന സത്യം അവർ മനസ്സിലാക്കുകയും ചെയ്യും എന്ന് ആശിക്കുന്നു. അവർ ദോഷം വിട്ടകലുവാൻ പൗലൊസ് പ്രാർത്ഥിക്കുന്നു. സ്വന്ത മാനമല്ല കൊരി ന്ത്യരുടെ ആത്മിക നന്മ യാണ് പ്രാർത്ഥനയുടെ ലക്ഷ്യം. പൗലൊസ് സത്യത്തിന്റെ സാക്ഷിയും സത്യത്തിൽ നില നിൽക്കുന്നവരെ സഹായിക്കുന്നവനും ആയിരുന്നു. കൊരിന്ത്യർ യഥാസ്ഥാനപ്പെട്ട് ആത്മികാഭിവൃദ്ധി പ്രാപിക്കു

ന്നതിൽ അപ്പൊസ്തലൻ സന്തോഷിക്കുമെന്ന് പ്രസ്താവിക്കുന്നു. തിന്മയ്ക്കെതിരെ അപ്പൊസ്തലിക അധികാരം ഉപയോഗിച്ച് നടപടി എടുക്കാതിരിക്കുന്നത് തന്റെ ബലഹീനതയായി വിശേഷിപ്പിക്കുന്നു. കർത്താവ് അപ്പൊസ്തലന് നൽകിയത് ഇടിച്ചുകളയുന്നതല്ല പ്രത്യുത പണിയുന്ന ആത്മിക ശുശ്രൂഷയായിരുന്നു.

**ഉപസംഹാരം (13:11-14)**

ഈ ലേഖനത്തിലെ ആദ്യത്തെ ഒൻപത് അദ്ധ്യായങ്ങൾ തന്നോട് അനുഭാവമുള്ള കൊരിന്തിലുള്ള വിശ്വാസികൾക്കുള്ളതായിരുന്നു. പത്തുമുതലുള്ള അദ്ധ്യായങ്ങൾ തന്റെ എതിരാളികളെ ഉദ്ദേശിച്ചുള്ളതാണ്. കർശനമായ നിർദ്ദേശങ്ങൾ നൽകുന്ന ഈ ഭാഗം അവർ അനുതപിച്ച് യഥാസ്ഥാനപ്പെടുവാൻ ആയിരുന്നു താൻ എഴുതിയത്.

ഈ ലേഖനത്തിന്റെ ഒടുവിൽ അപ്പൊസ്തലനിൽനിന്നും വരുന്നത് സ്നേഹത്തിന്റേയും സൗമ്യതയുടേയും വാക്കുകൾ ആണ്. അവർ സഹോദരന്മാരാണ്. യഥാസ്ഥാനപ്പെടണം. ഐകമത്യമുള്ളവർ ആകണം. കക്ഷിഭിന്നതകൾ വെടിയണം. സമാധാനത്തിൽ ജീവിക്കണം. അപ്പോൾ നിങ്ങൾ ആത്മിക സന്തുഷ്ടിയുള്ളവരാകും. സഭയിലും വ്യക്തിപരമായും ശ്രദ്ധിക്കു വാൻ ആവശ്യമുള്ള ദിവ്യ ആലോചനകളാണ് ഇവ. ആദ്യനൂറ്റാണ്ടിൽ ചുംബിച്ച് ദൈവമക്കൾ അന്യോന്യമുള്ള സ്നേഹം പ്രകടിപ്പിച്ചിരുന്നു. ഇന്ന് ആ പരിചയം തുടരുന്നില്ല. വിശുദ്ധന്മാർ അന്യോന്യം വന്ദനം ചെയ്യുന്നവർ ആയിരിക്കണം. ഈ ലേഖനം ആശീർവ്വാദത്തോടെ അവസാനിക്കുന്നു.

യേശുക്രിസ്തുവിന്റെ കൃപയാണ് ആദ്യം കാണുന്നത്. പാപി രക്ഷിക്കപ്പെടുന്നത് കൃപയാൽ ആകുന്നു. രക്ഷിക്കപ്പെട്ടശേഷവും കൃപ ആവശ്യമാകുന്നു. വിജയകരമായ ആത്മിക ജീവിതത്തിനും ശുശ്രൂഷയ്ക്കും അത് ഒഴിച്ചുകൂടാത്തതാകുന്നു. രണ്ടാമതായി ദൈവത്തിന്റെ സ്നേഹം ആശംസിക്കുന്നു. ദൈവം സ്നേഹത്തിന്റെ ഉറവിടമാകുന്നു. അവനിൽനിന്നു സകല അനുഗ്രഹ ങ്ങളും പുറപ്പെടുന്നു. അവൻ നമ്മുടെ പിതാവാണ്, സർവ്വ ആശ്വാസത്തിന്റേയും ദൈവമാണ്. മൂന്നാമതായി പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയെക്കുറിച്ച് പറയുന്നു. ദൈവമക്കൾ പരിശുദ്ധാത്മാവുള്ളവരാണ് (റോമർ 8:9). ദൈവസാന്നിദ്ധ്യബോധം നമ്മിൽ ഉളവാക്കുന്നത് പരിശുദ്ധാത്മാവാകുന്നു. ഇത് എല്ലാവർക്കും ആവശ്യമുള്ള ആശീർവാദമാണ്. ഇതിൽ നമ്മുടെ അടിസ്ഥാന ഉപദേശമായ ത്രിത്വോപദേശം വ്യക്തമാക്കിയിരിക്കുന്നു. ദൈവം സാരാംശത്തിൽ ഒന്നാണ്. എന്നാൽ ആളത്വത്തിൽ മൂന്ന് നിലകളിൽ വെളിപ്പെടുന്നു; പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. അവർക്ക് സൃഷ്ടിയോടും രക്ഷയോടുമുള്ള ബന്ധത്തിൽ വ്യത്യസ്ത ഉത്തരവാദിത്വങ്ങൾ ഉണ്ട്. എന്നാൽ ഐക മത്യത്തിൽ പ്രവർത്തിക്കുന്നു. ത്രിത്വോപദേശം ബുദ്ധികൊണ്ട് അപഗ്രഥിച്ചു മനസ്സിലാക്കേണ്ട ഉപദേശമല്ല. പ്രത്യുത വിശ്വാസത്താൽ അംഗീകരിക്കേണ്ട സത്യമാകുന്നു. ഈ ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള സത്യങ്ങൾ നമുക്കും ആവശ്യമുള്ള ആലോചനകൾ ആകുന്നു. അത് അംഗീകരിച്ച് അനുസരിക്കുവാനും അനുഗ്രഹപ്രദമായ ആത്മിക ജീവിതം നയിക്കുവാനും സർവ്വകൃപാലുവായ കർത്താവ് നമ്മെ ഏവരേയും സഹായിക്കട്ടെ.

***